2023
MAY
04
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## 'ഹോണ്ട എലിവേറ്റ്'; പുതിയ എസ് യു വിയുമായി ഹോണ്ട




**ന്യൂഡൽഹി:** പ്രീമിയം കാറുകളുടെ മുൻനിര നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) തങ്ങളുടെ വരാനിരിക്കുന്ന എല്ലാ പുതിയ എസ്യുവിക്കും ഹോണ്ട എലിവേറ്റ് എന്ന് പേരിടുമെന്ന് പ്രഖ്യാപിച്ചു. ആഗോള മോഡലായി വികസിപ്പിച്ചെടുത്ത ഓൾ ന്യൂ എലിവേറ്റ് ഹോണ്ടയുടെ പുതിയ മിഡ്സൈസ് എസ്യുവിയാണ്, അടുത്ത മാസം ഇന്ത്യയിൽ വേൾഡ് പ്രീമിയർ നടക്കും. ഹോണ്ട എലിവേറ്റ് അവതരിപ്പിക്കുന്ന ആദ്യ വിപണിയാകും ഇന്ത്യ.ജീവിതത്തിലെ മികച്ച കാര്യങ്ങൾക്കായി ഉയർന്ന അഭിരുചിയെ ആകർഷിക്കുന്ന ഒരു മികച്ച അർബൻ എസ്യുവി അവതരിപ്പിക്കാനുള്ള ഹോണ്ടയുടെ ശ്രമത്തെയാണ് ഓൾ ന്യൂ എലിവേറ്റ് പ്രതിനിധീകരിക്കുന്നത്. വിജയം നേടാനുള്ള അഭിലാഷത്തെയും അടുത്ത തലത്തിലേക്ക് ഉയർത്തിക്കൊണ്ടുപോകാനുള്ള ആഗ്രഹത്തെയും ഇത് പ്രതീകപ്പെടുത്തുന്നു.ലോകമെമ്പാടുമുള്ള എസ്യുവികളുടെ ശക്തമായ ഡിമാൻഡ് നിറവേറ്റുന്നതിനായി ഹോണ്ടയുടെ ലൈനപ്പിലെ ഒരു പുതിയ ആഗോള മോഡലായി ഹോണ്ട എലിവേറ്റ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. പുതിയ മോഡലിൽ ആളുകളുടെ ജീവിതശൈലി ആവശ്യകതകളും ഹോണ്ടയുടെ പുതിയ എസ്യുവിയെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകളും ഉൾക്കൊള്ളുന്നു.

### മാലിന്യത്തിൽ നിന്ന് പ്രകൃതിവാതകം

# കൊച്ചിയിൽ പ്ലാന്റ് സ്ഥാപിക്കും



**കൊച്ചി:** മാലിന്യം സംസ്കരിച്ച് പ്രകൃതിവാതകം (കംപ്രസ്ഡ് ബയോഗ്യാസ്) നിർമ്മിക്കുന്ന പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കാൻ ബിപിസിഎല്ലുമായി തത്വത്തിൽ ധാരണയായതായി തദ്ദേശ സ്വയം ഭരണ മന്ത്രി എം ബി രാജേഷ് അറിയിച്ചു. ബിപിസിഎൽ പ്രതിനിധികളുമായി തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയും വ്യവസായ മന്ത്രി പി രാജീവും ചീഫ് സെക്രട്ടറി ഡോ. വി പി ജോയിയും നടത്തിയ ചർച്ചയിലാണ് തീരുമാനം. സർക്കാർ കൈമാറുന്ന സ്ഥലത്ത് ബിപിസിഎല്ലിന്റെ ചെലവിലാകും പ്ലാന്റ് നിർമ്മിക്കുക. പ്ലാന്റ് പരിപാലിക്കേണ്ട ഉത്തരവാദിത്തവും ബിപിസിഎല്ലിനാകും. ഒരു വർഷം കൊണ്ട് പ്ലാന്റ് പ്രവർത്തന സജ്ജമാക്കാനാകുമെന്നാണ് ബിപിസിഎൽ അറിയിച്ചിരിക്കുന്നത്. ബ്രഹ്മപുരത്ത് തന്നെ പ്ലാന്റ് സ്ഥാപിക്കാനാണ് നിലവിലെ ധാരണ. കൊച്ചിയിലെയും സമീപ നഗരസഭകളുടെയും മാലിന്യം (മുൻസിപ്പൽ സോളിഡ് വേസ്റ്റ്), പ്ലാന്റിൽ സംസ്കരിക്കാനാകും. മാലിന്യ സംസ്കരണത്തിലൂടെ നിർമ്മിക്കുന്ന പ്രകൃതിവാതകം, ബിപിസിഎല്ലിന്റെ പ്രവർത്തനങ്ങൾക്കാകും ഉപയോഗിക്കുക. ഇതോടൊപ്പം ഉത്പാദിപ്പിക്കപ്പെടുന്ന ജൈവവളം വിപണനം ചെയ്യും. പ്രതിദിനം പ്ലാന്റ് പ്രവർത്തിക്കാൻ ലഭ്യമാക്കേണ്ടുന്ന തരംതിരിച്ച മാലിന്യം കോർപറേഷനും മുൻസിപ്പാലിറ്റികളും ഉറപ്പാക്കും.കൊച്ചിയിലെ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാനുള്ള സർക്കാർ ശ്രമങ്ങളിലെ നിർണായക ചുവടുവെപ്പാകും തീരുമാനമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ഒരു വർഷത്തിനുള്ളിൽ പ്ലാന്റ് പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. കൊച്ചിയിൽ വിൻഡ്രോ കമ്പോസ്റ്റ് സ്ഥാപിക്കാൻ സിഎസ്ആർ ഫണ്ടിൽ നിന്ന് തുക നൽകാൻ ബിപിസിഎൽ മുൻപ് തന്നെ സന്നദ്ധത അറിയിച്ചിരുന്നു. കൊച്ചിയിലെ കാലാവസ്ഥയ്ക്ക് കുറച്ചുകൂടി അനുയോജ്യമാവുക പ്രകൃതി വാതക പ്ലാന്റാണെന്ന് കണ്ടെത്തിയാണ് ബിപിസിഎൽ പുതിയ നിർദേശം മുന്നോട്ടുവെച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട കൂടുതൽ ചർച്ചകൾ വരുംദിവസങ്ങളിൽ നടക്കുമെന്നും മന്ത്രി അറിയിച്ചു

## ദന്തൽ മേഖലയിൽ കൂടുതൽ അവസരം: യുകെ സംഘം ചർച്ച നടത്തി

**തിരുവനന്തപുരം:** യുകെയിലെ ദന്തൽ മേഖലയിൽ കൂടുതൽ അവസരമൊരുക്കുന്നതിന്റെ ഭാഗമായി യു.കെ പ്രതിനിധി സംഘം ആരോഗ്യമന്ത്രി വീണാ ജോർജുമായി കൂടിക്കാഴ്ച നടത്തി. നോർക്ക യു.കെ. കരിയർ ഫെയറിന്റെ ഭാഗമായി കേരളത്തിലെത്തിയ സംഘം സെക്രട്ടറിയേറ്റിൽ വച്ചാണ് കൂടിക്കാഴ്ച നടത്തിയത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രി വീണാ ജോർജും സംഘവും യുകെയിൽ നടത്തിയ ചർച്ചകളുടെ അനുബന്ധമായാണ് സംഘം കേരളത്തിലെത്തിയത്. യുകെയിലെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും നാഷണൽ ഹെൽത്ത് സർവീസിൽ നിന്നും മുതിർന്ന പ്രധിനിധികൾ ആദ്യമായാണ് കേരളത്തിൽ എത്തുന്നത്.ദന്തൽ മേഖലയിൽ കൂടുതൽ അവസരമൊരുക്കാൻ തടസമുള്ള പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് മന്ത്രി സംഘത്തോട് അഭ്യർത്ഥിച്ചു. യുകെയിൽ ദന്തിസ്ട്രി പ്രാക്ടീസ് ചെയ്യുന്നതിന് ജനറൽ ദന്തൽ കൗൺസിൽ നടത്തുന്ന ഓവർസീസ് രജിസ്ട്രേഷൻ എക്സാം അഥവാ ഒ.ആർ.ഇ. വിജയിക്കേണ്ടതായിട്ടുണ്ട്. വർഷാവർഷം നൂറുകണക്കിന് ബിഡിഎസ്, എംഡിഎസ് ബിരുദധാരികൾ ഒ.ആർ.ഇ.യിൽ ബുദ്ധിമുട്ടുന്നുണ്ട്. ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഒ.ആർ.ഇ.യ്ക്ക് കൂടുതൽ സ്ലോട്ടുകൾ അനുവദിക്കുക, പരീക്ഷാ ഫീസ് മെഡിക്കൽ മേഖലയിലെ ലൈസൻസിംഗ് പരീക്ഷയായ പ്ലാബിന് സമാനമായി കുറയ്ക്കുക, പാർട്ട് ഒന്ന് പരീക്ഷാ കേന്ദ്രം കേരളത്തിൽ അനുവദിക്കുക എന്നിവയാണ് പ്രധാനമായി സംഘത്തോട് മന്ത്രി ആവശ്യപ്പെട്ടത്. ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു.യു.കെ.യിലെ ആരോഗ്യ സാമൂഹികക്ഷേമ മന്ത്രാലയത്തിലെ, അന്താരാഷ്ട്ര വർക്ക്ഫോഴ്സ് മേധാവി ഡേവ് ഹെവാർത്ത്, വെയിൽസ് ആരോഗ്യ വകുപ്പ് മേധാവി ഇയാൻ ഓവൻ, നാവിഗോ ഡെപ്യൂട്ടി ചീഫ് മൈക്ക് റീവ്, നാവിഗോ കൺസൽറ്റന്റ് സൈക്യാട്രിസ്റ്റ് ജോജി കുര്യാക്കോസ്, ഇംഗ്ലണ്ടിലെ ഓഫീസ് ഓഫ് ചീഫ് ഡന്റൽ ഓഫീസറുടെ ക്ലിനിക്കൽ പോളിസി ലീഡ് ദിവ്യേഷ് പട്ടേൽ, വെസ്റ്റ് പരേഡ് ഡെന്റൽ കെയറിലെ പാർട്ട്ണർ കപിൽ സാങ്ഗി, ലിങ്കൺഷെയർ ഡെന്റൽ കമ്മിറ്റി ചെയർമാൻ കെന്നി ഹ്യൂം, ഹമ്പർ ആന്റ് നോർത്ത് യോക്ക്ഷെയർ പ്രതിനിധി ഡോ. നൈജൽ വെൽസ് (എക്സിക്യൂട്ടീവ് മെഡിക്കൽ ഡയറക്ടർ) ഡോ. മാരി മില്ലർ, കരോലിൻ ഹെവാർഡ് എന്നിവർ കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.യുകെ. സംഘം സംസ്ഥാനത്തെ വിവിധ ദന്തൽ കോളേജുകൾ, ദന്തൽ ക്ലിനിക്കുകൾ, ദന്തൽ ലാബുകൾ എന്നിവ സന്ദർശിക്കും.



# പൗർണ്ണമി പൊങ്കാല മഹോൽസവം: പാവക്കുളത്ത് നാളെ പൊങ്കാല സമർപ്പണം

## ഇന്ന് തിരുവാഭരണ ഘോഷയാത്ര

**കൊച്ചി:**എറണാകുളം പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാല മഹോൽസവത്തിനോടനുബന്ധിച്ചുള്ള പൊങ്കാല സമർപ്പണം നാളെ നടക്കും. പൊങ്കാല സമർപ്പണത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ക്ഷേത്രസമിതി പ്രസിഡന്റ് ടി.പങ്കജാക്ഷൻ, സെക്രട്ടറി പി.വി അതികായൻ എന്നിവർ അറിയിച്ചു. രാവിലെ 10 ന് കൊച്ചി സിറ്റി പോലിസ് കമ്മീഷണർ കെ.സേതുരാമൻ,ഭാര്യ ഡോ.ഷീന സേതുരാമൻ,പാവക്കുളം ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് തിരുമേനി,ഭാര്യ ലയ അന്തർജ്ജനം എന്നിവർ ചേർന്ന് പൊങ്കാല സമർപ്പണം നിർവ്വഹിക്കും. പൊങ്കാല സമർപ്പണത്തിനുള്ള കലം,അരി,ശർക്കര അടക്കമുള്ള സാധനസാമഗ്രികൾ ഉൾപ്പെടെയുള്ള കിറ്റ് ക്ഷേത്രത്തിൽ നിന്നും രാവിലെ മുതൽ ഭക്തർക്ക് വിതരണം ചെയ്യും. പൊങ്കാല സമർപ്പണത്തിനായി അയ്യായിരത്തിൽപ്പരം ഭക്തരെയാണ് പ്രതീക്ഷിക്കുന്നത്. ഇവർക്കുള്ള കലം നാഗർ കോവിൽ നിന്നും അടുപ്പിൽ വെയ്ക്കുന്നതിനുള്ള കൊതുമ്പ് പൊള്ളാച്ചിയിൽ നിന്നുമാണ് എത്തിച്ചിരിക്കുന്നത്. പൊങ്കാല സമർപ്പണത്തിനു ശേഷം കെ.പി ശശികല ടീച്ചറിന്റെ പ്രഭാഷണവും ഉണ്ടാകും. ഉച്ചയ്ക്ക് ഒരു മണിക്ക് നടക്കുന്ന അന്നദാനത്തോടെ ഉൽസവം സമാപിക്കും. ഉൽസവത്തിന്റെ



**പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ നടക്കുന്ന പൗർണ്ണമി പൊങ്കാല മഹോൽസവത്തിലെ പൊങ്കാല സമർപ്പണത്തിന്റെ പ്രധാന വഴിപാടായ കാപ്പ കെട്ടൽ എഴുത്തുകാരി ശ്രീകുമാരി രാമചന്ദ്രൻ നിർവ്വഹിക്കുന്നു.**

ആറാം ദിവസമായ ഇന്നലെ മുൻ ഡി.ജി.പി ഡോ.അലക്സാണ്ടർ ജേക്കബ്ബിന്റെ പ്രഭാഷണം നടന്നു.ഏഴാം ദിവസമായ ഇന്ന് വൈകുന്നേരം നാലിന് പേരണ്ടൂർ ദേവി ക്ഷേത്രത്തിൽ നിന്നും പാവക്കുളം മഹാദേവ ക്ഷേത്രത്തിലേക്ക് തിരുവാഭരണ ഘോഷയാത്ര നടക്കും.വാദ്യമേളങ്ങളുടെ അകമ്പടിയോടെ പ്രത്യേകം അലങ്കരിച്ച രഥത്തിലാണ് തിരുവാഭരണം എഴുന്നള്ളിക്കുന്നത്.പൂക്കാവടി,വട്ടക്കാവടി,ശിങ്കാരിമേളം എന്നിവ ഘോഷയാത്രയ്ക്ക് കുടുതൽ കൊഴുപ്പേകും, ഒപ്പം ശിവ,പാർവ്വതി വേഷധാരികളും ഘോഷയാത്രയിൽ അണിനിരക്കും.തുടർന്ന് മഹാദീപാരാധന നടക്കും.

# തീര, മലയോര മേഖലകളുടെ സംരക്ഷണത്തിന് പ്രഥമ പരിഗണന: മുഖ്യമന്ത്രി പിണറായി വിജയൻ

**ആലപ്പുഴ:** തീര മലയോര മേഖലകളിലെ ജനങ്ങളുടെ സുരക്ഷയ്ക്ക് വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കുമാരപുരം സൈക്ലോൺ ഷെൽട്ടറിന്റെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിലെ മൂന്നാമത്തെ സൈക്ലോൺ ഷെൽട്ടറാണ് കുമാരപുരത്തേത്. കടൽ ക്ഷോഭം, പ്രളയം പോലെയുള്ള കെടുതികൾ കേരളത്തിൽ ഉണ്ടാകുമ്പോൾ ജനങ്ങൾക്ക് സുരക്ഷിതമായി മാറി താമസിക്കാനുള്ള സൗകര്യം ഒരുക്കുക എന്നത് വളരെ പ്രധാനമാണ്. അതിൻറെ ഭാഗമായാണ് 78 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ തീരദേശ ജില്ലകളിലായി 17 സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നത്. ഇതിൽ 15 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തിയാക്കി നാടിന് സമർപ്പിച്ചു. സംസ്ഥാന സർക്കാരിൻറെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായാണ് കുമാരപുരത്തെ സൈക്ലോൺ ഷെർട്ടറിന്റെ ഉദ്ഘാടനം. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള മൂന്നാമത് നൂറുദിന കർമ്മ പരിപാടികളാണ് ഇപ്പോൾ നടക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.344 കോടി രൂപ മുടക്കി ചെല്ലാനത്ത് തീരദേശ സംരക്ഷണത്തിനായി സ്ഥാപിച്ച പദ്ധതികൾ വിജയം കണ്ടു. ഇന്ന് അവിടത്തുകാർ സുരക്ഷിതരാണ്. ആലപ്പുഴ ഒറ്റമശ്ശേരിയിൽ പുലിമുട്ട് നിർമ്മാണം രണ്ട് ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കായംകുളം, തോട്ടപ്പള്ളി എന്നിവിടങ്ങളിൽ 90 കോടി രൂപയുടെ തീരസംരക്ഷണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നേരത്തെ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉപ



യോഗിച്ചിരുന്നത്. സൈക്ലോൺ ഷട്ടറുകൾ സ്ഥാപിച്ചതോടെ ഇതിനു പരിഹാരമായി. നാടിനെയും പ്രകൃതിയേയും സംരക്ഷിച്ചു ഭാവി തലമുറയ്ക്ക് കൈമാറുക എന്നത് സർക്കാരിൻറെ ഉത്തരവാദിത്തമാണ്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ, പ്രകൃതി സൗഹൃദ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവ ഇതിൻറെ ഭാഗമാണ്. പുനരുപയോഗ സാധ്യതയുള്ള ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കാനും സർക്കാർ തയ്യാറാകുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.കേരളത്തിലെ തീരദേശവാസികളെയും മത്സ്യത്തൊഴിലാളികളെയും സംബന്ധിച്ച് ഏറ്റവും ആശ്വാസകരമായ ഒന്നാണ് സൈക്ലോൺ ഷെൽട്ടർ ഹോമുകളെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

# വേലിയേറ്റത്തിന് ശാശ്വത പരിഹാരം; കുമ്പളങ്ങിയിൽ ആധുനിക ഷട്ടർ സ്ലൂയിസ് നിർമിക്കുന്നു

**കൊച്ചി:** കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിലെ വേലിയേറ്റത്തിന് ശാശ്വത പരിഹാരമായി ആധുനിക ഷട്ടർ സ്ലൂയിസ് നിർമ്മിക്കുന്നു. സ്ലൂയിസിന്റെ നിർമ്മാണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ലീജ തോമസ് ബാബു നിർവഹിച്ചു. പഞ്ചായത്തിലെ 13, 14, 15, 16 വാർഡുകളിൽ ഓരു വെള്ളം കയറാതിരിക്കാൻ 19 ലക്ഷം രൂപ മുടക്കിയാണ് ഷട്ടർ സ്ലൂയിസ് നിർമ്മിക്കുന്നത്.കുമ്പളങ്ങിയുടെ പടിഞ്ഞാറൻ മേഖലകളിലൂടെ കടന്നുപോകുന്ന നാട്ടു തോടിനെ കായലുമായി ബന്ധിപ്പിക്കുന്ന പ്രധാന ഭാഗങ്ങളിൽ ഒന്നാണ് ചാലാ വീട്ടിൽ. ഓരു വെള്ളം കയറുന്നതിന് പരമ്പരാഗത രീതിയിൽ വിവിധ സ്ഥലത്ത് ബണ്ട് കെട്ടിയാണ് ഇതുവരെ വേലിയേറ്റത്തിനെതിരെ നടപടി സ്വീകരിച്ചിരുന്നത്. ആധുനിക രീതിയിലുള്ള ഷട്ടർ സ്ലൂയിസ് വേലിയേറ്റദുരിതത്തിൽ നിന്നും പ്രദേശത്തെ ജനങ്ങൾക്ക് ഏറെ ആശ്വാസമാകും. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എ സഗീർ ജില്ലാ പഞ്ചായത്ത് അംഗം ദീപു കുഞ്ഞു കുട്ടി, വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജാസ്മിൻ രാജേഷ്, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജെൻസി ആന്റണി എന്നിവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ അങ്കണവാടിയിലേക്ക് വർക്കർ/ഹെൽപ്പർ തസ്തികയിൽ നിയമിക്കുന്നതിനായി പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസക്കാരായ വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അങ്കണവാടി വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ എസ്.എസ്.എൽ.സി പാസായിരിക്കണം. ഹെൽപ്പർ തസ്തികയിലേക്ക് എസ്.എസ്.എൽ.സി പാസാകാൻ പാടില്ല. എഴുത്തും വായനയും അറിഞ്ഞിരിക്കണം. പ്രായപരിധി 1846. പട്ടികജാതി/പട്ടിക വർഗ്ഗകാർക്ക് പ്രായപരിധിയിൽ ഇളവ് ലഭിക്കും. താത്കാലിക സേവനം അനുഷ്ഠിച്ചവർക്കും പ്രായപരിധിയിൽ ഇളവ് ലഭിക്കും.
താത്പര്യമുള്ളവർ അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, വയസ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പ്രവർത്തി പരിചയം, റേഷൻ കാർഡിന്റെ പകർപ്പ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, സാമൂഹ്യനീതി/ വനിത ശിശു വികസന വകുപ്പിലെ സ്ഥാപനങ്ങളിൽ താമസക്കാരി/ മുൻ താമസക്കാരിയാണെങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫക്കറ്റ്, വിധവയാണെങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം മെയ് 20ന് വൈകിട്ട് അഞ്ചിനകം വെളിയനാട് ഐ.സി.ഡി.എസ്. ഓഫീസിൽ നൽകണം. ഫോൺ: 04772754748.

## ക്വട്ടേഷൻ ക്ഷണിച്ചു

**ആലപ്പുഴ:** ജനറൽ ആശുപത്രിയിലെ വിവിധ വസ്തുക്കൾ വിൽക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. മെയ് 11ന് ഉച്ചക്ക് 12നകം സൂപ്രണ്ട്, ജനറൽ ആശുപത്രി, ആലപ്പുഴ എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0477 2253324.

## ഐ.എ ച്ച്.ആർ.ഡി. കോളജിൽ പ്രവേശനം

**ആലപ്പുഴ:** ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള കാർത്തികപ്പള്ളി കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ ടാലി, സി.സി.ടി.വി ഇൻസ്റ്റലേഷൻ എന്നീ കോഴ്സുകളിലേക്ക് പ്രവേശനത്തിനായി മെയ് എട്ടു വരെ അപേക്ഷിക്കാം. ഫോൺ: 0479 2485370, 2485852, 8547005018.

## ക്വട്ടേഷൻ ക്ഷണിച്ചു

**ആലപ്പുഴ:** ഗവൺമെൻറ് ടി.ഡി. മെഡിക്കൽ കോളജിലെ ബയോകെമിസ്ട്രി വിഭാഗത്തിലെ ലാബിലേക്ക് ആവശ്യമായ ബ്ലഡ് കളക്ഷൻ ട്യൂബുകൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. 12ന് ഉച്ചയ്ക്ക് ഒരു മണി വരെ സ്വീകരിക്കും. വിലാസം പ്രിൻസിപ്പൽ, ഗവൺമെൻറ് ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ. ഫോൺ: 0477 2282611.

# നൂറ്റാണ്ടിന്റെ സ്വപ്നത്തിന് സാക്ഷാത്കാരം; മുനമ്പം അഴീക്കോട് പാലം ടെൻഡറിന് അംഗീകാരം

**വൈപ്പിൻ:** എറണാകുളം, തൃശൂർ ജില്ലകളുടെ വികസനത്തിനും പ്രദേശവാസികളുടെ യാത്ര സുഗമമാക്കുന്നതിനും മുനമ്പം അഴീക്കോട് പാലം നിർമ്മാണ ടെൻഡറിന് സർക്കാർ അംഗീകാരം നൽകി. ഇതോടെ നാടിന്റെ ഒരു നൂറ്റാണ്ടിന്റെ സ്വപ്നമാണ് സാക്ഷാത്കരിക്കുന്നത്. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന പാലത്തിന് മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ നടത്തിയ അവലോകനത്തിലാണ് നിർമ്മാണാനുമതി നൽകിയത്.ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനിയുടെ ടെൻഡർ ആണ് മന്ത്രിസഭ അംഗീകരിച്ചത്. നൂറ്റിനാൽപ്പത്തിമൂന്ന് കോടി ഇരുപത്തിയെട്ട് ലക്ഷത്തി മുപ്പത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത്തിയെട്ട് (143,28,35,288) രൂപയാണ് ടെൻഡർ തുക. തീരദേശ ഹൈവേ മാനദണ്ഡങ്ങൾക്കനുസൃതം നിർമ്മിക്കുന്ന പാലത്തിന് 868.7 മീറ്റർ നീളമുണ്ടാകും. മൊത്തം വീതി ഏഴു മീറ്റർ. ഇതിൽ ഫുട്പാത്തും സൈക്കിൾ ട്രാക്കും ഉൾപ്പെടുന്നു. നിയമാനുസൃതം ബോട്ടുകൾക്ക് കടന്നുപോകുന്നതിന് ഉയരവും പാലത്തിന് ഉറപ്പാക്കിയിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി.എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പത്തേയും തൃശൂർ ജില്ലയിലെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോടിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട് മുനമ്പം പാലം പണി ആരംഭിക്കുന്നതിന് ഫിഷറീസ് വകുപ്പുമായി സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് നേരത്തെ ധാരണയായിരുന്നു. കാലവിളംബം കൂടാതെ പാലം നിർമ്മാണം ആരംഭിച്ചില്ലെങ്കിൽ വൻപദ്ധതിയുടെ ചെലവ് വളരെയേറെ വർധിക്കുമെന്നത് മുൻകൂട്ടികണ്ടു ത്വരിത ഗതിയിലുള്ള ശ്രമങ്ങളാണ് നടത്തിയതെന്ന് കെ എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ പറഞ്ഞു. യാത്രയ്ക്കും ടൂറിസത്തിനും തീർത്ഥാടനത്തിനും ഏറെ സഹായകമാകുന്ന പാലം സഫലമാകുന്നതോടെ മേഖലയിലെ മത്സ്യ വ്യവസായവും അഭിവൃദ്ധി പ്രാപിക്കുമെന്നത് തിരിച്ചറിഞ്ഞുള്ള സമീപനമാണ് എല്ലാതലങ്ങളിലും ഉണ്ടായത്. മുനമ്പത്തെ സ്ഥലമേറ്റെടുപ്പ് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന നിലയിലാക്കാൻ കഴിഞ്ഞു.സംസ്ഥാനത്തെ തന്നെ ഏറ്റവും ഉയരമുള്ളതും ദീർഘവുമായ പാലങ്ങളിലൊന്നെന്ന രീതിയിലാണ് മുനമ്പം അഴീക്കോട് പാലം വിഭാവനം ചെയ്തിരിക്കുന്നത്. ജലപാത സുഗമമാകുന്നതിന് പരമാവധി സാധ്യമായ എല്ലാ ക്രമീകരണങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉന്നതതലത്തിൽത്തന്നെ തീരുമാനങ്ങൾ കൈക്കൊണ്ട് പാലത്തിന്റെ വശങ്ങളിലെ ഉയരം എട്ടേകാൽ മീറ്റർ ഉയർത്തിയിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്ക് നിയമാനുസൃതം നിശ്ചയിച്ച ഉയരം കണക്കിലെടുത്താൽ ഒരു യാത്രാതടസവും ഉണ്ടാകില്ല. മധ്യഭാഗത്ത് ഓരോ വർഷവും ഡ്രഡ്ജിംഗ് നടത്തുന്നതിന് നാലുകോടി രൂപചെലവിൽ വ്യവസ്ഥയുണ്ട്. അഴീക്കോട് മുനമ്പം പാലത്തിന്റെ അനിവാര്യത നിയമസഭയിൽ ആവർത്തിച്ച് ചൂണ്ടിക്കാട്ടിയിരുന്നു. പാലം നിർമ്മാണത്തിനെതിരായ വ്യാജ പ്രചാരണങ്ങൾ ഉണ്ടായപ്പോൾ അവ വസ്തുതാവിരുദ്ധമെന്ന് വ്യക്തമാക്കാൻ കെ എൻ ഉണ്ണികൃഷ്ണനും അഴീക്കോട് ഉൾപ്പെടുന്ന കൈപ്പമംഗലത്തിന്റെ എം.എൽ.എ ടൈസൺ മാസ്റ്ററും രംഗത്തെത്തിയിരുന്നു. പാലം നിർമ്മണവുമായി ബന്ധപ്പെട്ട എതിർപ്പുകൾ തീർക്കുന്നതിന് കെ എൻ ഉണ്ണികൃഷ്ണൻ എം.എൽ.എയുടെ രേഖാമൂലമുള്ള ആവശ്യത്തെത്തുടർന്ന് എറണാകുളം ജില്ല കളക്ടർ വിളിച്ചുചേർത്ത മേഖലയുമായി ബന്ധപ്പെട്ടവരുടെ യോഗത്തിൽ രണ്ട് എം.എൽ.എ മാരും പങ്കെടുത്ത് നിലപാടുകൾ വ്യക്തമാക്കി. പദ്ധതി സംബന്ധിച്ച് ഉയർന്ന ആശങ്കകൾ പരിഹരിച്ചശേഷമെ പാലം നിർമ്മാണം ആരംഭിക്കാവൂ എന്നുതന്നെയാണ് നിലപാടെന്നും പദ്ധതി ആസൂത്രണം നിർവ്വഹിക്കുന്ന വിദഗ്ധ ഉദ്യോഗസ്ഥർ എല്ലാവശങ്ങളും പഠിച്ചശേഷമാണ് മുന്നോട്ടുനീങ്ങുന്നതെന്നും ഇരുവരും വ്യക്തമാക്കി.പാലം സംബന്ധിച്ച തെറ്റിദ്ധാരണാജനകമായ സാഹചര്യം മാറ്റുന്നതിന് ജില്ല കളക്ടർ പദ്ധതി സംബന്ധിച്ച് പൊതുസമൂഹത്തിനായി സമഗ്രമായി സാമൂഹിക മാധ്യമങ്ങളിൽ ഉൾപ്പെടെ വിശദീകരണം നൽകണമെന്ന് കെ.എൻ ഉണ്ണികൃഷ്ണൻ എംഎൽഎ നിർദ്ദേശിച്ചു. പരസ്യപ്രതികരണത്തിൽ പങ്കുചേരാത്തവരിൽ നിന്നുൾപ്പെടെ പരാതികളും നിവേദനങ്ങളും സ്വീകരിക്കാനും മറുപടി നൽകാനും ക്രമീകരണം ഒരുക്കണമെന്നും ആവശ്യപ്പെട്ടു. തുടർന്നാണ് വ്യാജ പ്രചാരണങ്ങൾക്ക് വിരാമമായത്.

# ആരോഗ്യ മിഠായിയുടെ മധുരം നുകർന്ന് മുളവുകാട് ഗ്രാമപഞ്ചായത്തിലെ കുട്ടികൾ

**കൊച്ചി:** വേനലവധിക്കാലം ആരോഗ്യകരമാക്കി ആരോഗ്യ മിഠായിയുടെ മധുരം നുകർന്ന് മുളവുകാട് ഗ്രാമപഞ്ചായത്തിലെ കുട്ടികൾ. സ്കൂൾ അവധിക്കാലം ആഘോഷവും ആരോഗ്യകരവുമാക്കുന്നതിനായി മുളവുകാട് ഗ്രാമപഞ്ചായത്തും നാഷണൽ ആയുഷ് മിഷനും വല്ലാർപാടം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിയും ചേർന്നാണ് ആരോഗ്യ മിഠായി എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. അവധിക്കാലം സ്മാർട്ട് ഫോണിലും ടെലിവിഷന് മുന്നിലും ചെലവഴിച്ച് സമയം കളയാതെ ആരോഗ്യപരമായി വിനിയോഗിക്കുന്നതിന്റെ ഭാഗമായി യോഗ പരിശീലനം, ആരോഗ്യ പാഠങ്ങൾ, നല്ല ആഹാര ശീലങ്ങൾ അറിയുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള അറിവുകളാണ് ഈ പരിശീലന പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭ്യമാക്കുന്നത്. അഞ്ച് മുതൽ പന്ത്രണ്ട് വയസ് വരെ പ്രായമുള്ള 25 ലധികം കുട്ടികളാണ് 15 ദിവസം നീണ്ടുനിൽക്കുന്ന ഈ പരിശീലന കളരിയിൽ ജീവിതം ആരോഗ്യകരമാക്കുന്നത്. മുളവുകാട് ഗ്രാമപഞ്ചായത്തിനു പുറമേ മുളന്തുരുത്തി, തൃപ്പൂണിത്തറ പ്രദേശങ്ങളിൽ നിന്നും കുട്ടികൾ എത്തിയിട്ടുണ്ട്. വല്ലാർപാടം ശക്തിധര പൊതുമന്ദിരത്തിലാണ് കളരി സംഘടിപ്പിച്ചിരിക്കുന്നത്.ജീവിത ശൈലീ രോഗങ്ങൾ കുട്ടികളിൽ പോലും കണ്ടുവരുന്ന കാലഘട്ടത്തിൽ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം സംരക്ഷിക്കുക, ആരോഗ്യകരമായ ജീവിത ശൈലി വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്.കുട്ടികൾക്ക് മാനസിക ഉല്ലാസത്തിനായി നാടൻ പാട്ട്, നാടക കളരി, ചിത്രകല തുടങ്ങിയ വിവിധ നാടൻ കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായി പ്രശസ്തരായ കലാകാരന്മാരാണ് ഓരോ ദിവസവും കളരിയിൽ എത്തുന്നത്. വല്ലാർപാടം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിലെ ഡോ. ഗ്രീഷ്മ ഗിരിയുടെ നേതൃത്വത്തിലാണ് കുട്ടികൾക്കായി യോഗ പരിശീലനം നൽകുന്നത്.ആരോഗ്യ മിഠായി പരിശീലന കളരിയുടെ രണ്ടാംഘട്ടം മെയ് എട്ടിന് ആരംഭിക്കും. സൗജന്യമായി സംഘടിപ്പിക്കുന്ന പരിശീലന കളരിയിലേക്ക് രജിസ്റ്റർ ചെയ്യാൻ 9846866488, 9061774477 നമ്പരുകളിൽ ബന്ധപ്പെടുക.



# നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും



**കൊച്ചി:** ഏലൂർ നഗരസഭയിൽ മാലിന്യ നിക്ഷേപവും, കുറ്റകൃത്യവും തടയാൻ നഗരസഭയുടെയും കൊച്ചി സിറ്റി പോലീസിന്റെയും നേതൃത്വത്തിൽ200 ക്യാമറകൾ വിവിധ മേഖലകളിൽ സ്ഥാപിക്കാൻ തീരുമാനിച്ചു. നഗരസഭ ആരോഗ്യവിഭാഗം , പോലീസ്, ജനപ്രതിനിധികൾ എന്നിവരുടെ സംയുക്ത നിരീക്ഷണത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കും. പദ്ധതിക്ക് ആവശ്യമായ തുക നഗരസഭ തനത് ഫണ്ടിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സാമൂഹിക പ്രതിബദ്ധതാ ഫണ്ടിൽ നിന്നും വ്യക്തികളിൽ നിന്നും കണ്ടെത്തും.15 ദിവസത്തിനുള്ളിൽ പദ്ധതി തയ്യാറാക്കും. നഗരസഭയിൽ സമ്പൂർണ ശുചിത്വ പദ്ധതിയുടെ ഭാഗമായി ക്യാമറകൾ പോലീസും നഗരസഭയും നിരീക്ഷിക്കും. കുറ്റകൃത്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് നഗരസഭാ ചെയർമാൻ എ.ഡി. സുജിൽ അറിയിച്ചു.

# കടലോരമനസ് തൊട്ടറിഞ്ഞ് ആലപ്പുഴയിലെ തീരസദസ്സ്

**ആലപ്പുഴ:** കടലോരമനസ് തൊട്ടറിഞ്ഞ് ആലപ്പുഴ മണ്ഡലത്തിലെ തീരസദസ്സ്. തീരമേഖലയിൽ താമസിക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിലാണ് തീരസദസ്സ് സംഘടിപ്പിച്ചത്.ആകെ 648 പരാതികളാണ് ആലപ്പുഴ തീരസദസ്സിൽ ലഭിച്ചത്. ഇതിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട 225 അപേക്ഷകളിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയും മറ്റുള്ളവ തുടർപരിശോധനയ്ക്കായി വിവിധ വകുപ്പുകൾക്ക് കൈമാറുകയും ചെയ്തു.ഭവന സംബന്ധമായ പരാതികൾ, ലൈഫ് മിഷൻ, വീടിന്റെ ഉടമസ്ഥാവകാശം, പുനർഗേഹം, വിവിധ ധനസഹായ പദ്ധതികൾ, പട്ടയം, ഇൻഷുറൻസ്, കടാശ്വാസം, മത്സ്യബന്ധന ഉപകരണങ്ങൾ, മണ്ണെണ്ണ പെർമിറ്റ്, വൈദ്യുതി, കുടിവെള്ള കണക്ഷൻ, റോഡ് ടാറിംഗ് തുടങ്ങിയ വിഷയങ്ങളാണ് തീരസദസ്സിൽ മന്ത്രിയുടെ പരിഗണനയ്ക്കെത്തിയത്. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച തീരദേശവാസികളെ ചടങ്ങിൽ ആദരിച്ചു.തീരസദസ്സിന്റെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിലെ തീരദേശത്തെ ജനപ്രതിനിധികളുമായി പ്രദേശത്തെ പ്രശ്നങ്ങൾ മന്ത്രി ചർച്ച ചെയ്തു.




# കുഫോസ്: മെയ് 8 വരെ അപേക്ഷ സ്വീകരിക്കും

**കൊച്ചി:** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) വിവിധ പി.ജി.കോഴ്സുകളിലേക്കും ഡോക്ടറൽ പ്രോഗ്രാമിനും അപേക്ഷിക്കാനുള്ള അവസാന തിയ്യതി മെയ് 08 വരെ നീട്ടി. ഓൺലൈനായി വേണം അപേക്ഷ സമർപ്പിക്കാൻ.
(www.a-dm-i-ssion.ku-fo-s.a-c.in)

# നോർക്ക – യു.കെ കരിയർ ഫെയർ രണ്ടാം ഘട്ടത്തിന് ഇന്ന് എറണാകുളത്ത് തുടക്കം

**കൊച്ചി:** ആരോഗ്യമേഖലയിലെ പ്രൊഫഷണലുകൾക്കായുള്ള നോർക്കയു.കെ കരിയർ ഫെയറിന്റെ രണ്ടാ ഘട്ടത്തിന് നാളെ തുടക്കമാകും. ഇന്നു മുതൽ 6 വരെ എറണാകുളം താജ് ഗെയ്റ്റ് വേ ഹോട്ടലിലാണ് ഫെയർ നടക്കുക. കരിയർ ഫെയർ നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി അദ്ധ്യക്ഷത വഹിക്കും. ജനറൽ മാനേജർ അജിത്ത് കോളശ്ശേരി. റിക്രൂട്ട്മെന്റ് മാനേജർ ശ്യാം. ടി.കെ,വെയിൽസിൽ നിന്നുൾപ്പടെയുള്ള യു.കെ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിക്കും. യു. കെ. യിലെ ഇംഗ്ലണ്ടിലെയും വെയിൽസിലെയും വിവിധ എൻ എച്ച് എസ് ട്രസ്റ്റു ആശുപത്രികളിലേക്ക് നഴ്സുമാർ, ജനറൽ മെഡിസിൻ, അനസ്തെറ്റിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നീ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ എന്നീ വിഭാഗങ്ങളിലേക്കാണ് അഭിമുഖങ്ങൾ നടക്കുക. റിക്രൂട്ട്മെന്റ് നടപടികൾ പൂർണ്ണമായും യു.കെ യിലെ റിക്രൂട്ട്മെന്റ് പ്രതിനിധികളുടെ മേൽനോട്ടത്തിലാകും നടക്കുക.സൈക്യാട്രി , അനസ്തേഷ്യ , ജനറൽ മെഡിസിൻ , എന്നീ സ്പഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ , നഴ്സുമാർ എന്നിവവർക്കായുള്ള അഭിമുഖമാണ് നാളെ നടക്കുക. നോർക്കയിൽ നിന്നുള്ള അറിയിപ്പുകൾ ഉദ്യോഗാർത്ഥികൾക്ക് ഇതിനോടകം നൽകിയിട്ടുണ്ട്. യു.കെ യിൽ എൻ.എച്ച്.എസ് (നാഷണൽ ഹെൽത്ത് സർവ്വീസസ്) സേവനങ്ങൾ ലഭ്യമാക്കുന്ന ഹംബർ ആൻഡ് നോർത്ത് യോർക്ക്ഷയർ ഹെൽത്ത് ആൻഡ് കെയർ പാർട്ടണർഷിപ്പും യു.കെ യിലെ മാനസിക ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന അംഗീകൃത സംഘടനയായ നാവിഗോയും വെയിൽസ് സർക്കാരിന്റെ പ്രതിനിധികളും ഫെയറിൽ പങ്കെടുക്കുന്നുണ്ട്. നോർക്ക യു.കെ കരിയർ ഫെയറിന്റെ ആദ്യഘട്ടം 2022 നവംബർ 21 മുതൽ 25 വരെ എറണാകുളത്ത് നടന്നിരുന്നു. ഇതിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ആദ്യ സംഘം യു.കെ യിലെത്തി. കൂടുതൽ വിവരങ്ങൾക്ക് www.nifl.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്. ഇന്ത്യയിൽ നിന്നും 18004253939, വിദേശത്തുനിന്നും +918802012345 (മിസ്ഡ് കോൾ സർവ്വീസ് )

# മാലിന്യം വലിച്ചെറിയൽ വിമുക്തം: കുമ്പളത്ത് കർമ്മപദ്ധതിക്ക് തുടക്കം



**കൊച്ചി:** മാലിന്യം വലിച്ചെറിയൽ വിമുക്ത ഗ്രാമമാകാനൊരുങ്ങി കുമ്പളം. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'മാലിന്യം വലിച്ചെറിയൽ വിമുക്ത ഗ്രാമം' പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കമായി. മാലിന്യങ്ങൾ കുമിഞ്ഞുകൂടിയ തെങ്ങുംപ്പള്ളി പ്രദേശം, മഠത്തിൽ പറമ്പ് റോഡ്, മുക്കാഞ്ഞിരത്ത് കോളനി തുടങ്ങിയ പ്രദേശങ്ങളിൽ ജെസിബി ഉപയോഗിച്ച് ശുചീകരണം നടത്തി. പദ്ധതിയുടെ ഭാഗമായി ഇന്ന് കുമ്പളത്ത് ശുചീകരണം നടത്തും. കുമ്പളം പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പി കാർമ്മലിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചത് പ്രകാരമാണ് പഞ്ചായത്തിൽ ശുചീകരണയജ്ഞം ആരംഭിച്ചത്. വാർഡ് തലത്തിൽ സ്കാഡുകൾ രൂപീകരിക്കുന്നതിനും മെയ് 7 മുതൽ 14 വരെ ഭവന സന്ദർശനം, ബോധവൽക്കരണം എന്നിവ നടത്താനും യോഗത്തിൽ തീരുമാനിച്ചു. ജലമലിനീകരണം കണ്ടെത്തുന്നതിനും സ്കാഡ് പ്രവർത്തിക്കും. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നു വെന്ന് ഉറപ്പാക്കും. സഹകരിക്കാത്തവരെ കണ്ടെത്തി നിയമനടപടി സ്വീകരിക്കാനാണ് തീരുമാനം. മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കൊപ്പം ഗ്രാമത്തെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പഞ്ചായത്ത് പ്രവർത്തിക്കുന്നത്. ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ ഭാഗമായും നമ്പായത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. സ്കാഡ് രൂപീകരണം, ക്ലോറിനേഷൻ, ഹരിത കർമ്മസേനാംഗങ്ങളുടെ ലാർവ്വ നശീകരണ പ്രവർത്തനങ്ങൾ, കൊതുക് ഉറവിട നശീകരണം, കാന ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്.

## ഭിന്നശേഷിക്കാർക്ക് വാഹനങ്ങളും വീൽചെയറും :വിതരണോദ്ഘാടനം നാളെ

**കൊച്ചി:** ഭിന്നശേഷിക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന രാജഹംസം, ചലനം പദ്ധതിയുടെ ഭാഗമായി വാഹനങ്ങളുടെ വിതരണോദ്ഘാടനവും ജില്ലാ പഞ്ചായത്ത് പ്രവർത്തന സജ്ജമാക്കിയ പകൽവീടുകളുടെ താക്കോൽദാനവും ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നാളെ വൈകിട്ട് 5.30 ന്

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കും.ജില്ലയെ ഭിന്നശേഷി സൗഹൃദ ജില്ലയാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ പഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുകയാണ്. പരിമിതികളെ മറികടന്ന് സ്വാശ്രയ ജീവിതം നയിക്കുന്നതിനും സമൂഹത്തോട് ചേർത്ത് നിർത്താനും 202223 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പദ്ധതികളാണ് രാജഹംസവും ചലനവും. ഭിന്നശേഷി ജനവിഭാഗങ്ങൾക്ക് സൈഡ് വീലോടു കൂടിയ മുച്ചക്ര വാഹനം നൽകുന്നതാണ് രാജഹംസം പദ്ധതി. ഭിന്നശേഷി ജനവിഭാഗങ്ങൾക്ക് ഇലക്ട്രോണിക് വീൽ ചെയർ നൽകുന്ന പദ്ധതിയാണ് ചലനം . രാജഹംസം പദ്ധതിയിൽ 126 മുചക്ര വാഹനങ്ങളും ചലനം പദ്ധതിയിൽ 72 വീൽ ചെയറുകളുമാണ് അർഹരായവരുടെ കൈകളിലേക്ക് എത്തുക. കഴിഞ്ഞ വർഷം 95 മുച്ചക്ര വാഹനങ്ങളാണ് നൽകിയത്. ചടങ്ങിൽ ഹൈബി ഈഡൻ എം പി അധ്യക്ഷത വഹിക്കും.

## ജില്ലാ വികസന കമ്മീഷണർക്ക് യാത്രയയപ്പ് നൽകി




**കൊച്ചി:** സ്ഥാനക്കയറ്റം ലഭിച്ച ജില്ലാ വികസന കമ്മീഷണർ ചേതൻ കുമാർ മീണക്ക് സഹപ്രവർത്തകരുടെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. കേരള ഖര മാലിന്യ പരിപാലന പദ്ധതി ജില്ലാ കോഓഡിനേറ്ററുടെ ചുമതലയും വഹിച്ചിരുന്നു.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറായാണ് സ്ഥാനക്കയറ്റം ലഭിച്ചിരിക്കുന്നത്. കൊല്ലം ജില്ലയിൽ സബ് കളക്ടറായിരിക്കെ കഴിഞ്ഞ ഒക്ടോബറിലാണ് സ്ഥാനക്കയറ്റം ലഭിച്ച് എറണാകുളം ജില്ല വികസന കമ്മീഷണറായി നിയമിതനായത്. ജില്ലാ വികസന കമ്മീഷണർ ഓഫീസ് ജീവനക്കാർ, കേരള ഖരമാലിന്യ പദ്ധതി പദ്ധതി ഓഫീസ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## താൽക്കാലിക നിയമനം നടത്തുന്നു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ ഗൈനക്കോളജി വിഭാഗത്തിലേയ്ക്ക് സീനിയർ റസിഡന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. സീനിയർ റസിഡന്റ് ഒ ആന്റ് ജി. യോഗ്യത എംബിബിഎസ്, എം.എസ് (ഒ ആന്റ് ജി) ഡിജിഒ, ഡിഎൻബി , ടിസി രജിസ്ട്രേഷൻ. വേതനം 70,000. ആറുമാസ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. താൽപര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം മെയ് എട്ടിന് എറണാകുളം മെഡിക്കൽ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ വച്ച് രാവിലെ 10.30 ന് നടക്കുന്ന വാക്ഇൻഇന്റർവ്യൂവിന് പങ്കെടുക്കാം. അന്നേ ദിവസം ഒമ്പതു മുതൽ 10 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന നൽകുന്നതായിരിക്കും. ഫോൺ 04842754000

# ഹോണ്ട ഷൈൻ 100 ഇന്ത്യയിൽ വിതരണം തുടങ്ങി




**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഏറ്റവും പുതിയ ഷൈൻ സ്കൂട്ടറിന്റെ അഖിലേന്ത്യാതലത്തിലുള്ള വിതരണം ആരംഭിച്ചു. കർണാടക നർസാപുരയിലെ കമ്പനിയുടെ മൂന്നാമത് ഫാക്ടറിയിൽ നിന്നാണ് ഷൈൻ അയക്കുന്നത്. എച്ച്എംഎസ്ഐ പ്രസിഡൻറും സിഇഒയും മാനേജിങ് ഡയറക്ടറുമായ സുത്സുമു ഒടാനി, ഹ്യൂമൻ റിസോഴ്സ് ആൻഡ് അഡ്മിനിസ്ട്രേഷൻ (എച്ച്എംഎസ്ഐ) സീനിയർ ഡയറക്ടർ വിനയ് ധിംഗ്ര, പ്രൊഡക്ഷൻ ഡയറക്ടർ (എച്ച്എംഎസ്ഐ) നവീൻ അവാൽ എന്നിവരുടെ സാന്നിധ്യത്തിൽ പ്രത്യേക ചടങ്ങ് നടത്തി പുതുതായി പുറത്തിറക്കിയ മോട്ടോർസൈക്കിളിന്റെ റോൾഔട്ട് ആഘോഷിച്ചു. ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയിലെ മറ്റ് മുതിർന്ന അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.മെച്ചപ്പെടുത്തിയ സ്മാർട്ട് പവർ (ഇഎസ്പി) അടിസ്ഥാനമാക്കിയ പുതിയ 100സിസി ഒബിഡി2 എഞ്ചിനും, 12 പേറ്റന്റ് ആപ്ലിക്കേഷനുകളുമായി 2023 മാർച്ചിലാണ് ഷൈൻ വിപണിയിൽ അവതരിപ്പിച്ചത്. ഈ വിഭാഗത്തിലെ ഏറ്റവും താങ്ങാനാവുന്നതും ഇന്ധനക്ഷമതയുള്ളതുമായ മോട്ടോർസൈക്കിളാണെന്ന സവിശേഷതയും ഷൈനിനുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു. മറ്റു ആവശ്യ ഫീച്ചറുകളും സാങ്കേതികവിദ്യയും ഉപയോഗിച്ച് രൂപകൽപന ചെയ്ത ഷൈൻ, റൈഡർമാർക്ക് ഏറ്റവും സുഖവും സൗകര്യവുമായ യാത്രയും, ഗംഭീരമായ സ്റ്റൈലിങ്ങുമാണ് വാഗ്ദാനം ചെയ്യുന്നത്.ബ്ലാക്ക് വിത്ത് റെഡ് സ്ട്രൈപ്സ്, ബ്ലാക്ക് വിത്ത് ബ്ലൂ ട്രൈപ്സ്, ബ്ലാക്ക് വിത്ത് ഗ്രീൻ ട്രൈപ്സ്, ബ്ലാക്ക് വിത്ത് ഗോൾഡ് ട്രൈപ്സ്, ബ്ലാക്ക് വിത്ത് ഗ്രേ ട്രൈപ്സ് എന്നിങ്ങനെ അഞ്ച് നിറഭേദങ്ങളിൽ ഷൈൻ 100 ലഭിക്കും. 64,900 രൂപയാണ് മഹാരാഷ്ട്ര എക്സ്ഷോറൂം വില.

# നേട്ടം കൈവരിച്ച് റിലയൻസ് മെറ്റ് സിറ്റി

- 76 പുതിയ കമ്പനികളുടെ ഔട്ട്ലെറ്റുകൾ തുറന്നു
- 1,200 റെസിഡൻഷ്യൽ പ്ലോട്ടുകൾ വിറ്റു
- ഹരിയാനയിലെ സാമ്പത്തിക വികസനത്തിന്റെ ഒരു പുതിയ കേന്ദ്രമായി മാറി

**കൊച്ചി/ ഗുർഗാവ് :** ഉത്തരേന്ത്യയിലെ അതിവേഗം വളരുന്ന ഇന്റഗ്രേറ്റഡ് സ്മാർട്ട് സിറ്റിയായ റിലയൻസ് മെറ്റ് സിറ്റി (എം ഇ ടി ) 2022-23 സാമ്പത്തിക വർഷത്തിൽ നേട്ടം കൈവരിച്ചു.ഏഴ് വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ള നിരവധി ബ്രാൻഡുകൾക്കൊപ്പം 450ലധികം കമ്പനികൾ മെറ്റ് സിറ്റിയിലേക്കെത്തി. കൂടാതെ വ്യക്തിഗത വീടുകൾക്കായി 2,000ത്തിലധികം റെസിഡൻഷ്യൽ പ്ലോട്ടുകൾ വിറ്റു. റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 100% ഉപസ്ഥാപനമായ മോഡൽ ഇക്കണോമിക് ടൗൺഷിപ്പ് ലിമിറ്റഡാണ് (ങഋഠഘ) ആഗോള നിലവാരത്തിലുള്ള ഒരു ഇന്റഗ്രേറ്റഡ് സ്മാർട്ട് സിറ്റിയായി മെറ്റ് സിറ്റി വികസിപ്പിച്ചെടുത്തത്.മെറ്റ് സിറ്റിയുടെ വ്യാവസായിക വിഭാഗത്തിൽ 76 പുതിയ കമ്പനികൾ കൂടി വന്നു, ഏകദേശം 1,200 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരികയും 8,000 പേർക്ക് തൊഴിൽ സാധ്യത സൃഷ്ടിക്കുകയും ചെയ്തു. ഹഡാർഡ്, ദക്ഷിണ കൊറിയയിൽ നിന്നുള്ള ബോഡിടെക്, ജപ്പാനിൽ നിന്നുള്ള നിഹോൺ കോഹ്ഡൻ (ഒമാറമ്യ, ആീരശലേവ ഋെീ ടീൗവേ ഗീൃലമ, ചശവീി ഗീവറലി ഋെീ ഥമുമി) തുടങ്ങിയവയാണ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്ന ആഗോള കമ്പനികളിൽ ശ്രദ്ധേയം.റെസിഡൻഷ്യൽ സെഗ്മെന്റിൽ, മൂന്ന് ഘട്ടങ്ങളിലായുള്ള വികസനം വിജയകരമായി ആരംഭിച്ചു. 1,200ലധികം പുതിയ റെസിഡൻഷ്യൽ ഉപഭോക്താക്കൾ പ്ലോട്ടുകൾ വാങ്ങി, മൊത്തം എണ്ണം 2,000ലധികമായി.നരെഡ്കോയുടെ (ചഅഞഋഉഇഛ ) 'മികച്ച ഇന്റഗ്രേറ്റഡ് ബിസിനസ് സിറ്റി അവാർഡും' ടീം മാർക്സ്മാൻ (ഒലമ്യ ഒമൃസാലി നൽകുന്ന 'മോസ്റ്റ് ട്രസ്റ്റഡ് ബ്രാൻഡ് ഓഫ് ദ ഇയർ' അവാർഡും മെറ്റ് സിറ്റി ഈ വർഷം നേടി . ഈ അവാർഡുകൾ ബ്രാൻഡിലുള്ള പങ്കാളികളുടെ വിശ്വാസത്തിന്റെ സാക്ഷ്യമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

Model Economic Township Limited

# നെക്സസ് സെലക്ട് ട്രസ്റ്റ് ഐപിഒ മെയ് 9 ന്

**കൊച്ചി:** റിയൽ എസ്റ്റേറ്റ് നിക്ഷേപ ട്രസ്റ്റായ (ആർഇഐടി) നെക്സസ് സെലക്ട് ട്രസ്റ്റിന്റെ പ്രാഥമിക ഓഹരി വിൽപ്പന (ഐപിഒ) മെയ് 9 മുതൽ 11 വരെ നടക്കും. 1400 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 1800 കോടി രൂപയുടെ ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഓഹരി ഒന്നിന് 95 മുതൽ 100 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 150 യൂണിറ്റുകൾക്കും തുടർന്ന് 150 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

# കുഫോസിൽ പ്രോബയോട്ടിക്സ് സെമിനാർ തുടങ്ങി




**കൊച്ചി:** വാർദ്ധക്യകാല രോഗപീഡകളിൽ നിന്ന് ശരീരത്തെ സംരക്ഷിക്കാൻ നല്ല ബാക്ടീരിയകൾ എന്നറിയപ്പെടുന്ന പ്രോബയോട്ടിക്സിന്റെ ഉപഭോഗത്തിലൂടെ കഴിയുമെന്ന് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളി പറഞ്ഞു. കുഫോസിൽ പ്രോബയോട്ടിക്സും വാർദ്ധക്യവും എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ. ദിനേശ്. പല ഗോത്രസമൂഹങ്ങളും ആരോഗ്യപരിപാലനത്തിൽ പ്രോബയോട്ടിക്സിനുള്ള പങ്ക് നേരത്തെ തിരിച്ചറിഞ്ഞിരുന്നു. അതിന് അനുസരിച്ച് അവർ ഭക്ഷണ രീതി ക്രമീകരിച്ചിരുന്നു.ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ള അധ്യക്ഷ വഹിച്ചു. ഓഷൻ സയൻസ് ഫാക്കൽറ്റി ഡീൻ ഡോ.എസ്.സുരേഷ് കുമാർ, അധ്യാപകരായ ഡോ.മായ രാമൻ, ഡോ.നെവീൻ കെ.ജി.എന്നിവർ സംസാരിച്ചു.രണ്ട് ദിവസത്തെ സെമിനാറിൽ നൂറോളം ഗവേഷണ വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട്. സെമിനാർ വ്യാഴ്യാഴ്ച സമാപിക്കും.

## ലൈബ്രറി ഇന്റേൺസ് താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജ് ലൈബ്രറിയിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ലൈബ്രറി ഇന്റേൺസിനെ നിയമിക്കുന്നു. യോഗ്യത BLiSc / MLISc. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളും കോപ്പികളുമായി മെയ് ഒമ്പതിന് രാവിലെ 11ന് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകുക.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ റീജിയണൽ പ്രിവൻഷൻ ഓഫ് എപ്പിഡമിക് ആന്റ് ഇൻഫെക് ഷ്യസ് ഡിസീസ് (RPEID) സെല്ലിലേക്ക് കരാർ അടിസ്ഥാനത്തിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലേക്ക് 21,175 രൂപ മാസ ശമ്പളത്തിൽ താൽകാലിക നിയമനം നടത്തുന്നതിനുള്ള ഇൻറർവ്യൂ മെയ് 19 നു രാവിലെ 11ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടത്തും. യോഗ്യത: അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡിഗ്രി, പിജിഡിസിഎ/ഡിസിഎ. പ്രായം: 35 വയസ്സിനു താഴെ. യോഗ്യരായ ഉദ്യോഗാർത്ഥികൾ വയസ്, വിദ്യാഭ്യാസ യോഗ്യത, മേൽവിലാസം, ആധാർ, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ അവയുടെ ഓരോ പകർപ്പ്, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഇന്റർവ്യൂവിനു ഹാജരാകണം.

## എം.ബി.എ ഗ്രൂപ്പ് ഡിസ്കഷൻ ആന്റ് ഇന്റർവ്യൂ

**കൊച്ചി:** കേരള സർവ്വകലാശാലയുടെയും, എ.ഐ.സി.ടി.ഇ യുടെയും അംഗീകാരത്തോടെ പുന്നപ്ര അക്ഷര നഗരി കേപ്പ് കാമ്പസിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി (ഐ.എം.ടി) പുന്നപ്രയിൽ 2023 2025 വർഷത്തേക്കുള്ള ദ്വിവത്സര ഫുൾടൈം എം.ബി.എ പ്രോഗ്രാമിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതിന്റെ ഭാഗമായി മെയ് ഒമ്പതിന് രാവിലെ 10 ന് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും നടത്തും. 50 ശതമാനം മാർക്കോടെ ഡിഗ്രി പരീക്ഷ പാസായവർക്കും (എസ്.സി/എസ്.ടി ക്ക് 40 ശതമാനം മാർക്ക്, എസ്.ഇ.ബി.സി/ഒ.ബി.സിക്ക് 48 ശതമാനം മാർക്ക്), അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും, കെമാറ്റ് / സിമാറ്റ് / ക്യാറ്റ് ഉള്ളവരും, അതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കും പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിലാസം ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി പുന്നപ്ര അക്ഷര നഗരി, വാടയ്ക്കൽ പി. ഒ, ആലപ്പുഴ 688003, ഫോൺ 0477 2267602. 9188067601, 9746125234, 9747272045, 9526118960, www.imtpunnapra.org.

# ഹൃദ്രോഗ വിദഗ്ധരുടെ സംസ്ഥാന സമ്മേളനം

**കോട്ടയം:** ഹൃദ്രോഗ നിയന്ത്രണം, പ്രതിരോധം, ചികിത്സ എന്നിവ കൈകാര്യം ചെയ്യുന്ന ഹൃദ്രോഗ വിദഗ്ധരുടെ സംഘടനയായകാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, കേരള ചാപ്റ്ററിന്റെ (സിഎസ്ഐകെ) ദ്വിദിന ശാസ്ത്ര സമ്മേളനം മെയ് 6ന് കുമരകം ദി സൂരി റിസോർട്ടിൽ ആരംഭിക്കും.സിഎസ്ഐ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.പ്രഭാ നിനി ഗുപ്ത സമ്മേളനം ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റും സയന്റിഫിക് കമ്മിറ്റി ചെയർമാനുമായ ഡോ.ജയഗോപാൽ പി.ബി., സെക്രട്ടറി ഡോ.സ്റ്റിജി ജോസഫ്, ഓർഗനൈസിങ് ചെയർമാൻ ഡോ.ദീപക് ഡേവിഡ്സൺ, ഓർഗനൈസിങ് സെക്രട്ടറി ഡോ.ജിത്തു സാം രാജൻ, ട്രഷറർ ഡോ.ജെയിംസ് തോമസ് എന്നിവർ സംസാരിക്കും. സങ്കീർണ്ണമായ ഹൃദ്രോഗങ്ങൾക്ക് ഇന്റർവെൻഷണൽ കാർഡിയോളജിയിലെ നൂതന ചികിത്സാ രീതികൾ സമ്മേളനം ചർച്ച ചെയ്യുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ഡോ.ജിത്തു സാം രാജൻ പറഞ്ഞു.പ്രൈമറി ആൻജിയോപ്ലാസ്റ്റിയിലെ മുന്നേറ്റങ്ങൾ, ഘട്ടം ഘട്ടമായും പൂർണ്ണമായും രക്തയോട്ടം പുനസ്ഥാപിക്കുന്ന രീതികൾ, ശ്വാസകോശത്തിലേക്കുള്ള രക്ത വിതരണം തടസ്സപ്പെടുന്ന ബ്ലോക്കുകൾ നീക്കം ചെയ്യൽ എന്നിവയ്ക്ക് വിവിധ സെഷനുകൾ നടക്കുമെന്ന് അദ്ദേഹം പറഞ്ഞു.ഹൃദയത്തിലേക്കുള്ള രക്തയോട്ടം പെട്ടെന്ന് കുറയുന്ന അവസ്ഥകളായ അക്യൂട്ട് കൊറോണറി സിൻഡ്രോം (എ.സി.എസ്) കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെഷൻ നടക്കും. മൂന്നിലൊന്ന് ഹൃദ്രോഗ മരണങ്ങൾ, പ്രത്യേകിച്ചും യുവജനങ്ങളിൽ സംഭവിക്കുന്നത് എ.സി.എസ് കാരണമാണ്, ഡോ.ജിത്തു സാം രാജൻ പറഞ്ഞു.ക്ലിനിക്കൽ, പ്രിവന്റീവ്, ഇന്റർവെൻഷണൽ കാർഡിയോളജി എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾക്കായി ഇരുപത്തിനാല് സിമ്പോസിയങ്ങളാണ് രണ്ട് ദിവസങ്ങളിലായി നടക്കുക. ഹൃദയസ്തംഭനത്തിനുള്ള ചികിത്സ, കാൽസിഫൈഡ് ബ്ലോക്കുകൾ കൈകാര്യം ചെയ്യൽ, ക്രമരഹിതമായ ഹൃദയമിടിപ്പ് നിയന്ത്രിക്കൽ, ലിപിഡ് മാനേജ്മെന്റ്, ഇസിജി ഇന്ററാക്ടീവ് സെഷനുകൾ, അനാരോഗ്യകരമായ ഭക്ഷണക്രമം, ഡയറ്റ് വിവാദങ്ങൾ, രോഗപ്രതിരോധ ചർച്ചകൾ എന്നിവ ഇതിൽ ഉൾപ്പെടും.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധരും അധ്യാപകരും സമ്മേളനത്തിൽ പങ്കെടുക്കും. സമ്മേളനം മെയ് ഏഴിന് സമാപിക്കും.

# പുതിയ ഇന്നോവ ക്രിസ്റ്റയുടെ വില പ്രഖ്യാപിച്ച് ടൊയോട്ട




**കൊച്ചി,** മെയ് 03, 2023: ഏറ്റവും പുതിയ ഇന്നോവ ക്രിസ്റ്റയുടെ വില പ്രഖ്യാപിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് (ടികെഎം). ഇന്നോവ ക്രിസ്റ്റ് സെഡ് എക്സ്, വി എക്സ് ഗ്രേഡുകളുടെ വിലയാണ് കമ്പനി പ്രഖ്യാപിച്ചിരിക്കുന്നത്. മെച്ചപ്പെട്ട മുൻഭാഗവുമായാണ് വാഹനം വരുന്നത്. കരുത്തുറ്റതും പരുഷവുമായ്ക്കുമുള്ള പ്രത്യേക താൽപര്യം മുൻനിർത്തി രൂപകൽപ്പന ചെയ്തിരിക്കുന്ന വാഹനം ഇന്ത്യൻ കുടുംബങ്ങളുടെയും വ്യവസായികളുടെയും കോർപ്പറേറ്റുകളുടെയും ആവശ്യം നിറവേറ്റുന്നതാണെന്ന് കമ്പനി അവകാശപ്പെടുന്നു.2005ൽ ഇന്ത്യയിൽ വാഹനം അവതരിപ്പിച്ചതുമുതൽ, മൾട്ടി പർപ്പസ് വെഹിക്കിൾ സെഗ്മെന്റിൽ മുൻനിരയിൽ തന്നെയാണ് ഇന്നോവ ക്രിസ്റ്റയുടെ സ്ഥാനം. ഇതുവരെ പത്ത് ലക്ഷത്തിലധികം യൂണിറ്റുകളാണ് വിറ്റഴിച്ചത്. ഈ വർഷം ആദ്യം ബുക്കിംഗ് ആരംഭിച്ചതുമുതൽ മികച്ച പ്രതികരണമാണ് ലഭിച്ചു വരുന്നതും. ദത (7S) സീരിസിന് 25,43,000 രൂപ, ഡത ( 8 S) സീരിസിന് 23,84,000 രൂപ, ഡത ( 7 S ) സീരിസിന് 23,79,000 രൂപ, ഡത എഘഠ ( 8 S) സീരിസിന് 23,84,000 രൂപ ഡത എഘഠ (7 S) സീരിസിന് 23,79,000 രൂപ എന്നിങ്ങനെയാണ് വാഹനശ്രേണിയുടെ എക്സ് ഷോറൂം നിരക്കുകൾ

# ജി20 പ്രതിനിധി സംഘത്തിന് സിയാൽ ബിസിനസ് ജെറ്റ് ടെർമിനലിൽ വരവേൽപ്പ്




**കൊച്ചി:** ജി20 ഉച്ചകോടി 2023ൽ പങ്കെടുക്കുന്ന പ്രതിനിധി സംഘത്തിന് കൊച്ചിൻ ഇന്റർനാഷണൽ എയർ പോർട്ട് ലിമിറ്റഡ് (സിയാൽ), ബിസിനസ് ജെറ്റ് ടെർമിനലിൽ വരവേൽപ്പ് നൽകി.ലക്ഷദ്വീപ് ബംഗാരം ദ്വീപയിൽ സംഘടിപ്പിക്കുന്ന 'സയൻസ് മീറ്റി'ൽ പങ്കെടുക്കുന്നവരാണ് ചടങ്ങിൽ അതിഥികളായി എത്തിയത്. ജ20 ഗ്രൂപ്പ് 3 വിഭാഗത്തിൽ, ശാസ്ത്ര, അക്കാദമിക മേഖലകളിൽ വിദഗ്ധരായവരാണ് ഇവർ. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലെ പുതിയ ബിസിനസ് ജെറ്റ് ടെർമിനലിൽ (ടി2) വിവിധ കലാകാരന്മാർ അവതരിപ്പിച്ച കേരളത്തിലെ പരമ്പരാഗത സാംസ്കാരിക കലാരൂപങ്ങളോടെയാണ് പ്രതിനിധികളെ സിയാൽ വരവേറ്റത്.സിയാൽ ജെറ്റ് ടെർമിനലിലെ ആഡംബര ലോഞ്ചുകളിൽ വിശ്രമിച്ചതിന് ശേഷം അലയൻസ് എയറിന്റെ ചാർട്ടേഡ് ഫ് ളൈറ്റിൽ പ്രതിനിധി സംഘം സമ്മേളന വേദിയായ ലക്ഷദ്വീപിലെ ബംഗാരം ദ്വീപുകളിലേക്ക് യാത്ര തിരിച്ചു. സമഗ്ര ആരോഗ്യം' (ഹോളിസ്റ്റിക് ഹെൽത്ത്) എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയാണ് ജി20 യുടെ സെമിനാർ. ആധുനിക കാലത്തെ സമഗ്ര ആരോഗ്യ സമ്പ്രദായങ്ങളെക്കുറിച്ച് പ്രതിനിധികളുടെ അറിവും വൈദഗ്ധ്യവും പങ്കിടാനുള്ള അവസരമാണ് ഈ പരിപാടി.ജി20 മീറ്റിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ സിയാലിന് അഭിമാനമുണ്ടെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഠ പറഞ്ഞു.അതിഥികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സേവനങ്ങൾ നൽകാനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ് ഇത്തരം പരിപാടികൾ. ഉന്നത നിലവാരത്തിലുള്ള വിമാനത്താവള അനുഭവം സൃഷ്ടിക്കാനുള്ള തങ്ങളുടെ ശ്രമങ്ങൾ യാത്രക്കാരുടെ അംഗീകാരത്തോടെ വിജയകരമായി തുടർന്ന് പോകുകയാണ്. യാത്രക്കാർ നൽകുന്ന ഈ പിന്തുണ മികച്ച സേവനങ്ങൾ നൽകുന്നതിന് തങ്ങളെ പ്രതിജ്ഞാബദ്ധരാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.ബിസിനസ്സ് ജെറ്റ് പ്രവർത്തനങ്ങൾക്കായി പ്രത്യേക ടെർമിനലുകളുള്ള ഇന്ത്യയിലെ നാല് വിമാനത്താവളങ്ങളിലൊന്നാണ് സിയാൽ.

# ലുലു ഫാഷൻ വീക്കിന് താരത്തിളക്കത്തോടെ സമാപനം



**കൊച്ചി :** നഗരത്തെ ഫാഷൻ ആഘോഷ ലഹരിയിലാഴ്ത്തിയ ലുലു ഫാഷൻ വീക്കിന് താരത്തിളക്കത്തോടെ സമാപനം. 2023ലെ ഫാഷൻ ട്രെൻഡുകൾക്ക് പുതുമ പകരുന്നതായിരുന്നു ലുലു മാളിൽ നടന്ന ഫാഷൻ വീക്കിന്റെ ആറാം പതിപ്പ്. അവസാന ദിവസം റാംപിൽ ചുവടുവെച്ച് വിസ്മയിപ്പിച്ചത് നടി സണ്ണി ലിയോണും ഭർത്താവ് ഡാനിയൽ വെബറുമാണ്. ഇതിന് പിന്നാലെ ബോളിവുഡ് താരം വിവേക് ഒബ്റോയി കൂടി എത്തിയതോടെ റാംപിൽ ആവേശം ഇരട്ടിച്ചു.കൊച്ചി ഏറെ പ്രിയപ്പെട്ട നഗരമാണെന്നും, ലുലു ഫാഷൻ വീക്കിൻറെ ഭാഗമാകാനായതിൽ പ്രത്യേക സന്തോഷമെന്നും സണ്ണി ലിയോൺ പറഞ്ഞു. സിനിമ താരങ്ങളായ രാജീവ് പിള്ള, രമേശ് പിഷാരഡി, സഞ്ജു ശിവറാം, മാളവിക സി മേനോൻ, നൂറിൻ ഷെറീഫ്, ഫഹിം സഫർ, ജിഷാദ് ഷംസുദീൻ, കാർത്തിക് സൂര്യ തുടങ്ങിയവരും ഫാഷൻ വീക്കിന്റെ സമാപന ദിവസം റാംപിലെത്തി. വിവിധ വിഭാഗങ്ങളിലായുള്ള ഫാഷൻ അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. ലുലു ഇന്ത്യ സിഒഒ രജിത്ത് രാധാകൃഷ്ണൻ, ബയ്യിംഗ് മാനേജർ ദാസ് ദാമോദരൻ, ലുലു ഇന്ത്യ കോമേഴ്സൽ മാനേജർ സാദിക് കാസിം, ലുലു ഇന്ത്യ മീഡിയ കോർഡിനേറ്റർ എൻ ബി സ്വരാജ് എന്നിവർ സംബന്ധിച്ചു. പ്രമുഖ ഫാഷൻ കൊറിയോഗ്രാഫറായ ഷാക്കിർ ഷെയ്ഖിന്റെ നേതൃത്വത്തിൽ 30ലധികം ഷോകളാണ് ഫാഷൻ വീക്കിൽ അവതരിപ്പിച്ചത്.അഞ്ച് ദിവസങ്ങളിലായി നടന്ന ലുലു ഫാഷൻ വീക്കിൽ സിനിമ താരങ്ങളായ ശ്രുതി രാമചന്ദ്രൻ, ഗൗരി ജി കിഷൻ, കൃഷ്ണ പ്രഭ, നയന എൽസ, നേത്ര സുഷമ, അർജ്ജുൻ അശോകൻ, ധ്രുവൻ, സംഗീത സംവിധായകൻ ഗോപി സുന്ദർ, ഹേമന്ത് മേനോൻ, ജീവ ജോസഫ്, സർജാനോ ഖാലിദ്, ഹക്കീം ഷാജഹാൻ, നേഹ സക്സേന, ശ്രീറാം രാമചന്ദ്രൻ, ഷിയാസ് കരീം, അഷിക അശോകൻ, അഭി മുരളി, അഞ്ജലി അനീഷ് ഉപാസന, സ്റ്റീഫൻ ദേവസി, ദേവനന്ദ, ആവണി അഞ്ജലി നായർ, സാധിക വേണുഗോപാൽ, ആര്യൻ കെ, ഷനി ഷാഖി തുടങ്ങിയവരും റാംപിൽ ചുവടുവെച്ചു.

# പരിഷ്ക്കരിച്ച മോഡലുകളുമായി ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്



**കൊച്ചി:** റൈഡിങ് അനുഭവം കൂടുതൽ മികച്ചതാക്കുന്നതിനായി ജാവ യെസ്ഡി മോട്ടോർസൈക്കിളുകൾ അതിൻറെ ശ്രേണി ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരിഷ്ക്കരിച്ചു. പുതിയ അപ്ഡേറ്റിലൂടെ മോട്ടോർസൈക്കിളുകൾക്ക് റൈഡബിലിറ്റിയും മികവും ലഭിച്ചു. വിലയിലും നേരിയ വ്യത്യാസമുണ്ട്. ബിഎസ്6 രണ്ടാം ഘട്ട (ഒബിഡി2) എമിഷൻ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് പുതിയ മാറ്റങ്ങൾ.തുടക്കം മുതൽ തന്നെ ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ഉപഭോക്താക്കൾക്ക് മികച്ച പ്രകടനവും റൈഡിങ് അനുഭവവും നൽകുന്നതിന് സാങ്കേതികവിദ്യയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടെന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾ സിഇഒ ആശിഷ് സിങ് ജോഷി പറഞ്ഞു. പുതിയ മോട്ടോർസൈക്കിളുകൾ റൈഡർമാർക്ക് ദൈനംദിന റൈഡബിലിറ്റിയിലും മികവിലും മൊത്തത്തിലുള്ള പ്രകടനത്തിലും ശ്രദ്ധേയമായ മാറ്റം കൊണ്ടുവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.42 സ്പോർട്സ് സ്ട്രൈപ്പ്, 42 ബോബർ, പെരാക്ക് എന്നിവ ഉൾപ്പെടുന്ന ജാവ ശ്രേണിയിൽ ഇപ്പോൾ മികച്ച എൻവിഎച്ച് ലെവലുകൾക്കായി ഫൈൻട്യൂൺ ചെയ്ത പ്രധാന എഞ്ചിൻ ഭാഗങ്ങളുമായാണ് എത്തുന്നത്. റീമാപ്പ് ചെയ്തിരിക്കുന്ന എഞ്ചിന് പുറമെ എമിഷൻ നിയന്ത്രണത്തിലാക്കിക്കൊണ്ട് മെച്ചപ്പെട്ട റൈഡബിലിറ്റിക്കും പ്രകടനത്തിനുമായി വലിയ ത്രോട്ടിൽ ബോഡിയും എക്സ്ഹോസ്റ്റ് പോർട്ടുകളും ലഭ്യമാക്കിയിട്ടുണ്ട്.ലൈറ്റ് ക്ലച്ച് അനുഭവത്തിനും സുഗമമായ പ്രവർത്തനത്തിനുമായി പുതിയ ജാവ 42ന് ഇപ്പോൾ ഒരു അസിസ്റ്റ് ആന്റ് സ്ലിപ്പ് ക്ലച്ച് ലഭ്യമാക്കിയിരിക്കുന്നു. മികച്ച എക്സ്ഹോസ്റ്റ് നോട്ടിനായി പുനർരൂപകൽപ്പന ചെയ്ത മഫ്ലറും ഇതിലുണ്ട്. പുതുക്കിയ ഡിജിറ്റൽ സ്പീഡോമീറ്ററും ഹസാർഡ് ലൈറ്റുകളുമായയാണ് ബൈക്ക് ഇപ്പോൾ എത്തുന്നത്. റോഡ്സ്റ്റർ, സ്ക്രാമ്പ്ളർ, അഡ്വഞ്ചർ എന്നിവ ഉൾപ്പെടുന്ന യെസ്ഡി ശ്രേണിക്കും മികച്ച എൻവിഎച്ചിനും റൈഡബിലിറ്റിക്കുമായി അപ്ഡേറ്റുകൾ ലഭിക്കും. ലോ എൻഡ് പെർഫോമൻസ് കൂടുതൽ മെച്ചപ്പെടുത്തുന്നത് മൂന്ന് മോഡലുകളിലും വലിയ റിയർ സ്പ്രോക്കറ്റാണ് ഉള്ളത്. മികച്ച എക്സ്ഹോസ്റ്റ് നോട്ടിനായി മോട്ടോർസൈക്കിളുകൾക്ക് പുനർരൂപകൽപ്പന ചെയ്ത മഫ്ളറുകളും നൽകിയിരിക്കുന്നു.പരിഷ്ക്കരിച്ച മോഡലുകൾക്ക് മോഡലും വേരിയൻറും അനുസരിച്ച് നാമമാത്രമായ (0.82% വരെ) വിലവർധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്. പരിഷ്ക്കരിച്ച പുതിയ മോട്ടോർസൈക്കിളുകൾ ഇന്ത്യയിലുടനീളമുള്ള ഡീലർഷിപ്പുകളിൽ ലഭിക്കും. വിവിധ വേരിയൻറുകൾക്ക് 1,96,142 രൂപ മുതൽ 2,19,942 രൂപ വരെമാണ് (ഡൽഹിഎക്സ്ഷോറൂം) വില.

# വായ്പകൾ ലഭ്യമാക്കൽ; ആക്സിസ് ബാങ്ക് ഷെൽട്ടർ ഫിനാൻസ് ധാരണ

**കൊച്ചി:** വായ്പാ വിതരണത്തിൽ സഹകരിക്കുന്നതിനായി ആക്സിസ് ബാങ്കും ഇന്ത്യ ഷെൽട്ടർ ഫിനാൻസ് കോർപറേഷനും തന്ത്രപരമായ പങ്കാളിത്തത്തിൽ ഏർപ്പെട്ടു. ഈ സഹകരണത്തിലൂടെ ഇരു സ്ഥാപനങ്ങളും അർധ നഗര മേഖലകളിലെ ഇടത്തരം, താഴ്ന്ന വരുമാനക്കാർക്ക് സുരക്ഷിതമായ എംഎസ്എംഇ വായ്പകൾ നൽകും. സാമ്പത്തിക മേഖലയിലെ ആക്സിസ് ബാങ്കിൻറെ വൈദഗ്ദ്ധ്യവും വായ്പ എടുക്കുന്നവരെ വിലയിരുത്തുന്നതിൽ ഇന്ത്യ ഷെൽട്ടറിനുള്ള ശക്തമായ പ്രോസസ്സിങ് സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി കുറഞ്ഞ നിരക്കിൽ വായ്പകൾ നൽകാൻ ഈ സഹകരണത്തിലൂടെ സാധിക്കും. വലിയ സ്ഥാപനങ്ങൾ കുറഞ്ഞ തോതിൽ മാത്രം സേവനങ്ങൾ നൽകുന്നതും ഔപചാരിക വായ്പാ രംഗത്ത് പുതിയതുമായ അനൗപചാരിക വിഭാഗത്തിൽപെട്ട ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാൻ ഈ പങ്കാളിത്തം സഹായകമാകും. ബാങ്കിൻറെ ഭാരത് ബാങ്കിങ് മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ ഇന്ത്യ ഷെൽട്ടറുമായുള്ള സഹകരണം സഹായിക്കുമെന്ന് ആക്സിസ് ബാങ്ക് ഭാരത് ബാങ്കിങ് വിഭാഗം മേധാവിയും ഗ്രൂപ്പ് എക്സിക്യൂട്ടീവുമായ മുനിഷ് ഷർദ പറഞ്ഞു. കൂടുതൽ പ്രദേശങ്ങളിലേക്ക് എത്താനും സ്ഥായിയായ വികസനം സാധ്യമാക്കാനുമുള്ള തങ്ങളുടെ ശ്രമങ്ങൾക്ക് ആക്സിസ് ബാങ്കുമായുള്ള സഹകരണം സഹായകമാകുമെന്ന് ഇന്ത്യ ഷെൽട്ടർ ഹൗസിങ് ഫിനാൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ രൂപിന്ദർ സിങ് പറഞ്ഞു.

# ടെക്നോപാർക്കിൽ അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് സംഘടിപ്പിക്കാനൊരുങ്ങി ടൂൺസ്




**തിരുവനന്തപുരം:** ടൂൺസ് അനിമേഷൻ സ്റ്റുഡിയോസ് സംഘടിപ്പിക്കുന്ന അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് തിരുവനന്തപുരം ടെക്നോപാർക്കിലെ പാർക്ക് സെന്ററിൽ മെയ് 12, 13 തീയതികളിൽ നടക്കും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ മൂന്ന് പതിപ്പുകളും ഓൺലൈനായി നടന്ന പരിപാടി ഏറെ കാത്തിരിപ്പിന് ശേഷമാണ് നേരിട്ട് സംഘടിപ്പിക്കപ്പെടുന്നത്. മാധ്യമവിനോദ രംഗത്തെ പ്രമുഖരെ ഒന്നിച്ചുകൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ ലാഭേച്ഛയില്ലാതെ സംഘടിപ്പിക്കപ്പെടുന്ന പരിപാടിയാണ് അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ്. അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗെയ്മിംഗ്, കോമിക് (എവിജിസി) മേഖലകളിലെ പ്രഫഷണലുകളും ഉദ്യോഗാർത്ഥികളുമാണ് തുടർച്ചയായി എല്ലാ വർഷവും നടക്കുന്ന എഎംഎസിന്റെ ഭാഗമാകുന്നത്. 'റീ ഇമജിനിംഗ് എന്റർടെയ്മെന്റ്: നൗ ആൻഡ് ബിയോണ്ട്' എന്ന തീമിലാണ് ഇത്തവണ എഎംഎസ് നടക്കുന്നത്. വിനോദ രംഗത്ത് വൈദഗ്ധ്യം തെളിയിച്ച പ്രമുഖർ, യുവ പ്രഫഷണലുകളുമായി തങ്ങളുടെ അനുഭവം പങ്കുവെക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും പ്രത്യേകം ക്ഷണിക്കപ്പെടുന്ന പ്ലാറ്റ്ഫോമുകൂടിയാണ് എഎംഎസ്.സ്പാനിഷ് ചലച്ചിത്ര സംവിധായകനും നിർമ്മാതാവുമായ ഡാമിയൻ പെരേയ, പ്രശസ്ത വോയ്സ് ഓവർ ആർട്ടിസ്റ്റായ ദർപൻ മേത്ത, ക്രിയേറ്ററും സ്റ്റോറിടെല്ലറുമായ സിദ്ധാർത്ഥ് മസ്കേരി, വിഷ്വൽ ഡെവലപമെന്റ് ആർട്ടിസ്റ്റും ബാഹുബലി ഫെയിം പ്രൊഡക്ഷൻ ഡിസൈനറുമായ രൂപാലി ഗാട്ടി, ഫ്രെയിംസ്റ്റോർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ അഖൗരി പി സിൻഹ, പൂനെയിലെ ഇന്ത്യൻ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഡീനും അസിസ്റ്റന്റ് പ്രഫസറുമായ ഡോ. മിലിന്ദ് ദാംലെ, ഗാമിട്രോണിക്സ് സിഇഒ രജത് ഒഹ്ജ എന്നിവരാണ് ഇത്തവണ മാസ്റ്റേഴ്സ് സെഷനിൽ സംസാരിക്കുന്നത്. ഒരു മണിക്കൂർ വീതമുള്ള സെഷനുകളിൽ 45 മിനിറ്റ് മാസ്റ്റേഴ്സ് ടോക്കും 15 മിനിറ്റ് ചോദ്യോത്തരവുമാണ്. ടൂൺസ് പ്രവർത്തനം ആരംഭിച്ച 1999ൽ 'വീക്ക് വിത്ത് ദി മാസ്റ്റേഴ്സ്' എന്ന പേരിൽ ആരംഭിച്ച അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് അക്കാദമി പുരസ്കാരത്തിനും ബിഎഎഫ്ടിഎയിലും(ആഅഎഠഅ) നാമനിർദേശം ചെയ്യപ്പെട്ട റോബ് കോൾമാൻ, അക്കാദമി പുരസ്കാര നാമനിർദേശം ലഭിച്ച ബിൽ പ്ലിംപ്ടൺ, അക്കാദമി പുരസ്കാര നോമിനിയും ബിഎഎഫ്ടിഎ(ആഅഎഠഅ) വിജയിയുമായ ശേഖർ കപൂർ, അക്കാദമി പുരസ്കാര ജേതാവ് റസൂൽ പൂക്കുട്ടി തുടങ്ങിയ മാസ്റ്റർമാർക്ക് കഴിഞ്ഞ വർഷങ്ങളിൽ ആതിഥേയത്വം വഹിച്ചിട്ടുണ്ട്. നൂതന സോഫ്റ്റ്വെയർ സൊല്യൂഷൻ പ്രൊവൈഡർമാരായ ടൂൺ ബൂം സഹസ്പോൺസർമാരാകുന്ന പരിപാടിയിൽ ടൂൺസിന്റെ സ്ഥാപകരിലൊരാളും ആനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റിനപിന്നിലെ ശിൽപിയുമായ അന്തരിച്ച ശ്രീ ബിൽ ഡെന്നിസിനെ മരണാനന്തര ബഹുമതിയായി 'ലെജൻഡ് ഓഫ് ദി ഇന്ത്യൻ ആനിമേഷൻ' നൽകി ആദരിക്കും. ടൂൺസിന്റെ പാരമ്പര്യത്തിൽ ഒരു അഭിവാജ്യ ഘടമാണ് അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് എന്നും സർഗ്ഗാത്മക സമൂഹത്തിന് ടൂൺസിന്റെ ഭാഗത്ത് നിന്നുള്ള നന്ദി പ്രകാശനമാണ് ഈ പരിപാടിയെന്നും ടൂൺസ് മീഡിയ ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി ജയകുമാർ പറഞ്ഞു. വലിയ സാധ്യതകളുള്ളതിനാൽ തന്നെ ഇന്ത്യൻ എവിജിസി മേഖലയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധ ലഭിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ യാത്രയുടെ ഭാഗമാകാൻ യുവ പ്രൊഫഷണലുകളെയും ഉദ്യോഗാർത്ഥികളെയും എഎംഎസ് പ്രചോദിപ്പിക്കുമെന്നും എവിജിസി മേഖലയെക്കുറിച്ചും അവസരങ്ങളെക്കുറിച്ചും ആഴത്തിലുള്ള ഉൾക്കാഴ്ചകൾ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


# ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്ക് ഐപിഒയ്ക്ക്

**കൊച്ചി:** ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.പത്ത് രൂപ മുഖവിലയുള്ള 625 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 17,000,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# ജോയ് ഇ–ബൈക്ക് വിതരണ ശൃംഖല വികസിപ്പിക്കുന്നു

കൊച്ചി: വിതരണ ശൃംഖലയ്ക്ക് ഉത്തേജനം നൽകി ഇന്ത്യയിലെ മുൻനിര ഇരുചക്ര വാഹന നിർമാതാക്കളായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ്, ഡിസ്ട്രിബ്യൂഷൻ ഡീലർ മാതൃക പുനക്രമീകരിക്കുന്നു. താലൂക്ക് തലത്തിലുള്ള ഡീലർമാരുമായുള്ള കമ്പനിയുടെ ബന്ധം ആഴത്തിലുറപ്പാക്കുന്നതിന് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ ജില്ലാ തലത്തിൽ 150 ഡിസ്ട്രിബ്യൂട്ടർ ഷോറൂമുകൾ സ്ഥാപിക്കും.നിലവിൽ കമ്പനിക്ക് രാജ്യത്ത് 600ലധികം ടച്ച് പോയിന്റുകളുണ്ട്. രാജ്യത്തെ മികച്ച ബ്രാൻഡായി മാറുന്നതിന് ജോയ് ഇബൈക്കിനെ പിന്തുണച്ച നിലവിലെ ഡീലർമാർക്ക് വിതരണക്കാരനാകാനുള്ള അവസരം ആദ്യം നൽകാനാണ് കമ്പനി മാനേജ്മെന്റിന്റെ തീരുമാനം. വാർഡ് വിസാർഡിന് ഇന്ത്യയിലെ 55ലധികം പ്രധാന നഗരങ്ങളിൽ ശക്തമായ സാനിധ്യവുമുണ്ട്.തങ്ങളുടെ വാഹനങ്ങൾക്കുള്ള വിതരണ വിടവ് നികത്തുന്നതിനും, ഉപഭോക്തൃ അനുഭവം ഉയർത്തുന്നതിനും കമ്പനിയുടെ ഡിസ്ട്രിബ്യൂഷൻ മോഡലിന്റെ ഉയർച്ച പ്രീഷെഡ്യൂൾ ചെയ്യാൻ തങ്ങൾ തീരുമാനിച്ചെന്ന് വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.

# ഹൃദയവാൽവ് തകരാറുകൾക്ക് സമഗ്ര ചികിത്സയൊരുക്കി 'ആസ്റ്റർ അഡ്വാൻസ്ഡ് ഹാർട്ട് വാൽവ് സെന്റർ '




**കൊച്ചി:** ഹാർട്ട് വാൽവ് തകരാറുകൾക്ക് സമഗ്രചികിത്സയൊരുക്കാൻ 'ആസ്റ്റർ അഡ്വാൻസ്ഡ് ഹാർട്ട് വാൽവ് സെന്റർ' ആരംഭിച്ച് ആസ്റ്റർ മെഡ്സിറ്റി. ആസ്റ്റർ കാർഡിയാക് സയൻസസിന് കീഴിലാണ് പ്രത്യേക വിഭാഗം പ്രവർത്തിക്കുക. ഹൃദയ വാൽവുകളുമായി ബന്ധപ്പെട്ട ഹൃദ്രോഗത്തിന്റെ രോഗനിർണ്ണയത്തിലും ചികിത്സയിലുമാണ് സെന്റർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കൊച്ചിയിൽ നടന്ന ചടങ്ങിൽ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.ആസാദ് മൂപ്പൻ സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. മരുന്നുകൾ, വാൽവിന്റെ സ്ഥിതി മെച്ചപ്പെടുത്തൽ, മാറ്റിസ്ഥാപിക്കൽ, മറ്റ് സങ്കീർണ്ണത കുറഞ്ഞ ശസ്ത്രക്രിയ നടപടികൾ തുടങ്ങി സമഗ്രമായ സേവനങ്ങൾ അഡ്വാൻസ്ഡ് ഹാർട്ട് വാൽവ് സെന്ററിൽ ലഭ്യമാകുമെന്നും അഡ്വാൻസ്ഡ് ഹാർട്ട് വാൽവ് സെന്ററിന് തുടക്കം കുറിക്കുന്നതിൽ ഏറെ സന്തോഷവും അഭിമാനവും ഉണ്ടെന്നും ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ടാവി, ടിഎവിആർ, മിത്ര ക്ലിപ്, ടിഎംവിആർ (ഠഅഢക/ഠഅഢഞ, ങശ്യേമ ഇഹശു, ഠങഢഞ) തുടങ്ങിയ ശസ്ത്രക്രിയേതര ചികിത്സാ രീതികളുടെ വരവോടെ, രോഗികൾക്ക് സങ്കീർണത കുറഞ്ഞ ചികിത്സ ലഭ്യമാവുകയാണ്. ഹൃദയാരോഗ്യ സംരക്ഷണത്തിൽ അത്യാധുനികവും നൂതനവുമായ ചികിത്സകൾ പ്രദാനം ചെയ്യുന്നതിനും, രോഗികൾക്ക് ഏറ്റവും മികച്ച പരിചരണം ഉറപ്പാക്കുന്നതിനും പുതിയ കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്നും ഡോ. ആസാദ് മൂപ്പൻ വ്യക്തമാക്കി.ആസ്റ്റർ അഡ്വാൻസ്ഡ് ഹാർട്ട് വാൽവ് സെന്ററിൽ, ഹാർട്ട് വാൽവ് ക്ലിനിക്ക്, ഹാർട്ട് ഫെയില്യുർ ക്ലിനിക് എന്നിവക്ക് പുറമെ വാസ്കുലർ, ജനറൽ സർജറി, ന്യൂറോളജി, നെഫ്രോളജി, ഇൻഫെക്ഷൻ കൺട്രോൾ, സ്ട്രോക്ക്, വയോജന പരിചരണം, സൈക്യാട്രിക് കെയർ തുടങ്ങിയ നോൺകാർഡിയോളജി സേവനങ്ങളും ഉൾക്കൊള്ളുന്നുണ്ട്. വാൽവ് സംബന്ധ രോഗനിർണയത്തിലും ചികിത്സയിലും വൈദഗ്ധ്യമുള്ള ഒരു മൾട്ടി ഡിസിപ്ലിനറി ഹെൽത്ത് ടീമും ഈ കേന്ദ്രത്തിലുണ്ട്.3ഡി ട്രാൻസ്സോഫേജൽ എക്കോ, ഇൻട്രാ കാർഡിയാക് എക്കോ സൗകര്യമുള്ള വിവിഡ് ഇ 95 എക്കോകാർഡിയോഗ്രാഫിക് മെഷീൻ ഉൾപ്പെടെയുള്ള അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾ സെന്ററിന്റെ ഭാഗമാണ്. ഇത് ചികിത്സ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനും സൂക്ഷ്മമായി ക്രമീകരിക്കുന്നതിനും സഹായിക്കുന്നു. സങ്കീർണ്ണമായ ചികിത്സ ഇടപെടലുകൾ നടത്തുന്ന ഹൈബ്രിഡ് കാത്ത് ലാബ് ആവശ്യമെങ്കിൽ ശസ്ത്രക്രിയാ തീയറ്ററായും പ്രവർത്തിക്കാനാകുമെന്ന് ആസ്റ്റർ മെഡ്സിറ്റി കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അനിൽകുമാർ ആർ പറഞ്ഞു. കാർഡിയോളജിസ്റ്റുകൾ, കാർഡിയാക് സർജന്മാർ, എക്കോകാർഡിയോഗ്രാഫർമാർ, ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റുകൾ, അനസ്തേഷ്യോളജിസ്റ്റുകൾ, ക്രിട്ടിക്കൽ കെയർ വിദഗ്ധർ, ഹൃദയ വാൽവ് ഡിസീസ് മാനേജ്മെന്റിൽ വൈദഗ്ധ്യമുള്ള മറ്റ് ആരോഗ്യപരിപാലന വിദഗ്ധർ എന്നിങ്ങനെ ഉയർന്ന പരിശീലനം ലഭിച്ച സ്പെഷ്യലിസ്റ്റുകളാണ് ആസ്റ്റർ ഹാർട്ട് വാൽവ് ടീമിൽ ഉൾപ്പെടുന്നത്.ട്രാൻസ്കത്തീറ്റർ അയോർട്ടിക് വാൽവ് റീപ്ലേസ്മെന്റ് / ഇംപ്ലാന്റേഷൻ , മിത്ര ക്ലിപ്പ്, ബലൂൺ വാൽവോട്ടോമീസ്, പാരാവൽവുലാർ ലീക്ക് ക്ലോഷർ തുടങ്ങി ശസ്ത്രക്രിയേതര വാൽവ് നന്നാക്കലും മാറ്റിസ്ഥാപിക്കലും ഉൾപ്പെടെ നിരവധി ചികിത്സാ സൗകര്യങ്ങളാണ് സെന്റർ വാഗ്ദാനം ചെയ്യുന്നത്.റൂട്ട് ആൻഡ് അസന്റിങ് അയോർട്ടിക് റീപ്ലേസ്മെന്റ്, മിട്രൽ, ട്രൈക്യുസ്പിഡ് റിപ്പയർ, മിട്രൽ എഡ്ജ്ടുഎഡ്ജ് റിപ്പയർ, അയോർട്ടിക് വാൽവ് റിപ്പയർ, റോസ് പ്രൊസീജിയർ, പൾമണറി ഓട്ടോഗ്രാഫ്റ്റ് എന്നിവയാണ് സെന്റർ വാഗ്ദാനം ചെയ്യുന്ന ചില മറ്റ് ചികിത്സ സേവനങ്ങൾ.സങ്കീർണ്ണമായ വാൽവുലാർ ഹൃദ്രോഗങ്ങൾക്ക് പോലും ശാസ്ത്രീയവും സമഗ്രവുമായ പരിഹാരങ്ങൾ നൽകാനാണ് ഈ നൂതന ഹാർട്ട് വാൽവ് സെന്റർ ലക്ഷ്യമിടുന്നതെന്ന് പദ്ധതിക്ക് നേതൃത്വം നൽകുന്ന ഇന്റർവെൻഷണൽ കാർഡിയോളജി സീനിയർ കൺസൾട്ടന്റ് ഡോ. രാജീവ് സി പറഞ്ഞു. വാൽവ് തകരാറുകൾ നേരത്തേ കണ്ടെത്തുന്നതും ശരിയായ ചികിത്സ നൽകുന്നതും വളരെ പ്രധാനമാണ്. പല രോഗികൾക്കും മെഡിക്കൽ ഫോളോ അപ്പ് മാത്രമേ ആവശ്യമുള്ളൂ. എന്നിരുന്നാലും ഗുരുതരമായ വാൽവ് രോഗത്തിന് ശസ്ത്രക്രിയയോ ശസ്ത്രക്രിയേതര ഇടപെടലുകളോ ആവശ്യമായി വന്നേക്കാം. ഡോ. രാജീവ് സി കൂട്ടിച്ചേർത്തു.ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, ആസ്റ്റർ മെഡ്സിറ്റി,കൺസൾട്ടന്റ് സ്ട്രക്ചറൽ ഹാർട്ട് സ്പെഷ്യലിസ്റ്റ് ഡോ. വരുൺ ഭാട്ടിയ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

## 'അനുരാഗം'മെയ് 5ന് തീയ്യറ്ററുകളിൽ




**കൊച്ചി:** 'പ്രകാശൻ പറക്കട്ടെ' എന്ന ചിത്രത്തിനു ശേഷം തെന്നിന്ത്യൻ ഡയറക്ടർ ഗൗതം വാസുദേവ് മേനോൻ,ജോണി ആന്റണി,ക്വീൻ, കളർപടം തുടങ്ങിയ ഹിറ്റുകളിലൂടെ പ്രേക്ഷകരുടെ പ്രീതി നേടിയ അശ്വിൻ ജോസ്,96 സിനിമയിലൂടെ ഏറേ ശ്രദ്ധേയയായ ഗൗരി,ഷീല, ദേവയാനി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സഹദ് സംവിധാനം ചെയ്യുന്ന 'അനുരാഗം ' മെയ് അഞ്ചിന് തീയ്യറ്ററുകളിൽ എത്തും.ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ ഇതിനോടകം തന്നെ വൈറലായിക്കഴിഞ്ഞു.മൂസി, ദുർഗ കൃഷ്ണ, സുധീഷ് കോഴിക്കോട്, മണികണ്ഠൻ പട്ടാമ്പി തുടങ്ങിയവരാണ് ചിത്രത്തിലെ മറ്റു പ്രമുഖ താരങ്ങൾ.ലക്ഷ്മി നാഥ് ക്രിയേഷൻസ്,സത്യം സിനിമാസ് എന്നീ ബാനറിൽ സുധിഷ് എൻ, പ്രേമചന്ദ്രൻ എ ജി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം സുരേഷ് ഗോപി നിർവഹിക്കുന്നു.അശ്വിൻ ജോസ് ആണ് ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത്.മനു മഞ്ജിത്ത്,മോഹൻ കുമാർ,ടിറ്റോ പി.തങ്കച്ചൻ എന്നിവരുടെ വരികൾക്ക് നവാഗതനായ ജോയൽ ജോൺസ് സംഗീതം പകരുന്നു. ലിജോ പോൾ എഡിറ്റിംഗ് നിർവ്വഹിക്കുന്നു.പ്രൊജറ്റ് ഡിസൈനർ ഹാരിസ് ദേശം, പ്രൊഡക്ഷൻ കൺട്രോളർ സനൂപ് ചങ്ങനാശ്ശേരി,സൗണ്ട് ഡിസൈൻ സിങ്ക് സിനിമ,കല-അനീസ് നാടോടി,കോസ്റ്റ്യൂം ഡിസൈൻ സുജിത്ത് സി.എസ്, മേക്കപ്പ് അമൽ ചന്ദ്ര, ത്രിൽസ് മാഫിയ ശശി, എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ ബിനു കുര്യൻ,നൃത്തം അനഘ, റീഷ്ദാൻ,ജിഷ്ണു, ചീഫ് അസോസിയേറ്റ് ഡയറക്ടർ രവിഷ് നാഥ്, ഡി ഐ ലിജു പ്രഭാകർ, സ്റ്റിൽസ് ഡോണി സിറിൽ,ഡിജിറ്റൽ പിആർഒ: വൈശാഖ് സി. വടക്കേവീട്, പബ്ലിസിറ്റി ഡിസൈൻസ് യെല്ലോടൂത്ത്സ്.പി ആർ ഒ എ.എസ് ദിനേശ്.

